# സാന്തോം വോയ്സ്

## പത്തനംതിട്ട ഭദ്രാസന ബുള്ളറ്റിൻ

വാല്യം 2 2011 നവംബർ ലക്കം 3

# മാർപാപ്പായുടെ മാധ്യമദിനസന്ദേശം 2011

## 45-ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ നല്കുന്ന സന്ദേശം

*"സത്യവും പ്രഘോഷണവും ജീവിതത്തിന്റെ ആധികാരികതയും ഈ ഡിജിറ്റൽ യുഗത്തിൽ"*

ഈ യുഗത്തിന്റെ ആശ്ചര്യകരമായ പ്രതിഭാസമായി മാധ്യമ ലോകത്ത് ഇന്റർനെറ്റ് അതിന്റെ സാമൂഹിക വിനിമയശൃംഖല തുറന്നതോടെയുണ്ടായ അഭുതപൂർവമായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യവസായവിപ്ലവം ഉത്പാദനത്തിലും തൊഴിലാളികളുടെ ജീവിതചര്യയിലും ആഴമായ മാറ്റങ്ങൾ വരുത്തിയതുപോലെ, ആശയവിനിമയലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾ ഇന്നത്തെ ലോകത്ത് സാംസ്കാരികവും സാമൂഹികവുമായി പ്രകടമായ പുരോഗതിക്ക് വഴിതെളിയിക്കുന്നുണ്ട് എന്നതു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ആശയവിനിമയരീതികളിൽ പുതിയ സാങ്കേതികത മാറ്റംവരുത്തുക മാത്രമല്ല, ആശയവിനിമയത്തെ പാടേ മാറ്റിമറിക്കുന്നതുകൊണ്ട് മനുഷ്യൻ അതിവിപുലമായ ഒരു സാംസ്കാരിക പരിവർത്തനത്തിന്റെ യുഗസന്ധിയിലാണ് ജീവിക്കുന്നത്. വിവരസാങ്കേതികതയുടെ ഈ വിന്യാസം ആഗോളതലത്തിൽ പുതിയ അറിവിനും ചിന്താധാരകൾക്കും വഴിതുറക്കുകയും പണ്ടൊരിക്കലുമില്ലാത്ത തരത്തിലുള്ള ബന്ധങ്ങൾ രൂപീകരിക്കുന്നതിനും കൂട്ടായ്മ വളർത്തുന്നതിനും വേദിയൊരുക്കുകയും ചെയ്യുന്നു.

മാധ്യമങ്ങൾ തുറക്കുന്ന പുതിയ സാദ്ധ്യതകൾ നമ്മെ ആശ്ചര്യപ്പെടുത്തുന്നു. അടുത്തകാലംവരെ അചിന്തനീയമായിരുന്ന അറിവിന്റെ പുതിയ ചക്രവാളങ്ങളാണ് ഒപ്പംതന്നെ ഇന്ന് നമ്മുടെ മുന്നിൽ തുറക്കപ്പെടുന്നത്; അതുകൊണ്ടുതന്നെ ഈ ഡിജിറ്റൽ യുഗത്തിൽ ആശയവിനിമയത്തിനുള്ള പ്രാമുഖ്യത്തെക്കുറിച്ച് അടിയന്തരവും ഗൗരവപൂർവവുമായ ഒരു വിചിന്തനം ആവശ്യമായിരിക്കുകയാണ്.

ഇന്റർനെറ്റിന്റെ ഉപയോഗത്തിലുള്ള ബൃഹത്തായ സങ്കീർണ്ണതയ്ക്കും അനിതരസാധാരണമായ സാദ്ധ്യതകൾക്കും അഭിമുഖീഭവിക്കുമ്പോഴാണ് ഈ ആവശ്യകത നമുക്ക് കൂടുതൽ സ്പഷ്ടമാകുന്നത്. മനുഷ്യചാതുരിയുടെ എല്ലാ പരിശ്രമഫലങ്ങളുംപോലെതന്നെ ആശയവിനിമ

യലോകത്തുണ്ടായിട്ടുള്ള വിവരസാങ്കതികതയുടെ സത്ഫലങ്ങൾ വിവേകപൂർവം ഉപയോഗിക്കുകയാണെങ്കിൽ മനുഷ്യന്റെ ഹൃദയാന്തരാളത്തിൽ തിങ്ങിനില്ക്കുന്ന ജന്മസാഫല്യത്തിനും സത്യത്തിനും ഐക്യത്തിനും വേണ്ടിയുള്ള അഭിവാഞ്ഛയുടെ സഫലീകരണത്തിനും ഈ ഡിജിറ്റൽ വേദി വഴിതുറക്കുകതന്നെ ചെയ്യും.

ഡിജിറ്റൽ ലോകത്ത് ആശയങ്ങൾ സമൃദ്ധമായി സംപ്രേഷണം ചെയ്യുന്നതോടൊപ്പം, അറിവ് വ്യക്തിതലത്തിൽ പങ്കുവയ്ക്കുന്ന ഒരു സാമൂഹികശൃംഖല ആവിഷ്കൃതമാവുകയാണ്. ഡിജിറ്റൽ ആശയവിനിമയപ്രക്രിയയിൽ അറിവിന്റെ ഉത്പാദകനും ഉപഭോക്താവും തമ്മിലുള്ള പ്രകടമായ വ്യത്യാസം ഇല്ലാതാകുന്നതുവഴി ആശയവിനിമയം തുലോം വസ്തുതകളുടെ കൈമാറ്റമെന്നതിനെക്കാൾ പങ്കുവയ്ക്കലിന്റെ ഒരു നവരൂപമായിമാറുന്നു.

മാധ്യമലോകത്തെ ഈ നൂതന ബലതന്ത്രം ആശയവിനിമയശാസ്ത്രത്തിലുള്ള മനുഷ്യന്റെ താത്പര്യം വർദ്ധിപ്പിക്കുകയും അത് പ്രധാനമായും പങ്കുവയ്ക്കലും സംവാദവും സഹാനുഭാവവും ഐക്യദാർഢ്യവും ക്രിയാത്മകമായ ബന്ധങ്ങളുടെ രൂപീകരണവുമായി പ്രത്യക്ഷപ്പെടുന്നു. എന്നാൽ മറുഭാഗത്ത് ആധുനികമാധ്യമങ്ങളുടെ വൈരുദ്ധ്യമാർന്ന പരിമിതികളിൽ ഏകപക്ഷീയത, ഭാഗികത, അവാസ്തവികത, പൊങ്ങച്ചം എന്നിവ വ്യതിരിക്തമായി നില്ക്കുന്നുമുണ്ട്.

ആശയവിനിമയലോകത്തുണ്ടാകുന്ന തനിമയാർന്ന വ്യതിയാനങ്ങളും അവയുടെ വെല്ലുവിളികളും തങ്ങളുടെ ജീവിതത്തിന് പുതിയ ഉണർവും ജിജ്ഞാസയും നല്കുന്നതുകൊണ്ട് അവയെ ഏറെ ആകാംക്ഷയോടെ അറിയാനും അനുഭവിക്കുവാനും പരിശ്രമിക്കുന്നത് യുവാക്കളാണ്. സാമൂഹികസമ്പർക്കമാധ്യമശൃംഖലയുടെ സൃഷ്ടമായ ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന യുവാക്കളുടെ കൂടുതലായ ഇടപഴകൽവഴി അവരുടെ വ്യക്തിബന്ധങ്ങളുടെയും അവബോധങ്ങളുടെയും തലത്തിൽ എടുക്കേണ്ട ശരിയായ തീരുമാനങ്ങളെക്കുറിച്ചും വ്യക്തിത്വത്തിന്റെ ആധികാരികതയെക്കുറിച്ചും ഡിജിറ്റൽവേദി പുതിയ ചോദ്യങ്ങൾ അവരോട് ഉന്നയിക്കുന്നുമുണ്ട്. ഡിജിറ്റൽലോകത്ത് കൂടുതൽ വ്യാപരിക്കുന്ന വ്യക്തി പുറംലോകംവിട്ട് ഏകാന്തതയുടെ ഒരു സമാന്തരാസ്തിത്വത്തിലേയ്ക്ക് കടക്കുകയും യഥാർത്ഥ പ്രതീതിയുണർത്തുന്ന മാധ്യമസൃഷ്ടമായ ഒരു ലോകത്തുമാത്രം ഒതുങ്ങിപ്പോകുന്ന അപകടം ഒഴിവാക്കുകയാണെങ്കിൽ, നല്ല വ്യക്തിബന്ധങ്ങൾക്കും സംസർഗ്ഗത്തിനുമുള്ള ആധികാരികസരണിയാണ് സൈബർ സ്പെയ്സ് അല്ലെങ്കിൽ കമ്പ്യൂട്ടർ ഭൂമിക.

പരസ്പരബന്ധങ്ങൾക്കും പങ്കുവയ്പിനും വേണ്ടിയുള്ള ഡിജി

റ്റൽ ലോകത്തെ തിരച്ചിലിൽ ആധികാരികമായിരിക്കാനും വിശ്വസ്തരായിരിക്കാനുമുള്ള വെല്ലുവിളിയെ നേരിടുന്ന വ്യക്തി, വ്യാജമായ ഒരു പൊതു ആകാരം അല്ലെങ്കിൽ വ്യക്തിരൂപം സ്വയം സൃഷ്ടിക്കുന്ന മിഥ്യാബോധത്തിന് കീഴ്പ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പുതിയ സാങ്കതികവിദ്യകളിലൂടെ സ്വന്തം നാടിന്റെയും സംസ്കാരത്തിന്റെയും അതിരുകൾക്കുമപ്പുറം എത്തിച്ചേർന്ന വ്യക്തിലീനമായ ഒരു സുഹൃദ് വലയത്തിന്റെ പൂർണ്ണമായ ഒരു പുതിയ ലോകം കെട്ടിപ്പടുക്കുന്നു. ഇത് മഹത്തായ ഒരവസരമാണെങ്കിലും ഏറെ ശ്രദ്ധയും അവബോധവും ആവശ്യപ്പെടുന്ന വലിയ അപകടസാദ്ധ്യതയും ഇതിൽ പതിയിരിക്കുന്നുണ്ട്.

മാധ്യമസൃഷ്ടമായ ഈ പുതുലോകത്ത് ആരാണ് എന്റെ അയൽക്കാരൻ? മാധ്യമശൃംഖലയിൽ അമിതമായി അനുദിനം ഇടപഴകി ജീവിക്കുന്നവർ ചുറ്റുമുള്ളവർക്കും കൂടെവസിക്കുന്നവർക്കും ലഭ്യമല്ലാതാകുന്ന ഒരു അപകടം അവിടെ അന്തർലീനമായിരിക്കുന്നില്ലേ? നാം ജീവിക്കുന്ന ലോകത്തുനിന്നും ഡിജിറ്റൽ സാങ്കേതികതയുടെയും വിനിമയത്തിന്റെയും ഏറെ വ്യത്യസ്തമായൊരു ലോകത്തേക്ക് മനസ്സു തിരിയുന്നതുകൊണ്ട് അശ്രദ്ധരാകാനും ചിന്തകൾ പതറിപ്പോകാനും സാദ്ധ്യതയില്ലേ? അതുവഴി നമ്മുടെ പ്രത്യേക താത്പര്യങ്ങളെക്കുറിച്ചു ചിന്തിക്കാനും ആഴമുള്ളതും ദൈർഘ്യമുള്ളതുമായ വ്യക്തിബന്ധങ്ങൾ വളർത്തിയെടുക്കാനും സമയം ഇല്ലാതാകുന്നില്ലേ? യാഥാർത്ഥ്യത്തിന്റെ പ്രതീതിയുണർത്തുന്ന ഡിജിറ്റൽ ബന്ധങ്ങൾ വളരുമ്പോൾ യഥാർത്ഥവും സമീപസ്ഥവുമായ വ്യക്തിബന്ധങ്ങൾ ജീവിതത്തിന്റെ ഓരോ തലങ്ങളിൽനിന്നും അകന്നുപോകുവാൻ പാടില്ലാത്തതാണ്.

ഈ ഡിജിറ്റൽ യുഗത്തിൽ എല്ലാ മനുഷ്യരും ജീവിതത്തെക്കുറിച്ചുള്ള വിചിന്തനത്തിനും ആധികാരികതയ്ക്കും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇന്നത്തെ സാമൂഹികസമ്പർക്കമാധ്യമശൃംഖലയിൽ സന്നിഹിതമായിരിക്കുന്ന ഊർജ്ജം തെളിയിക്കുന്നത്, ഓരോരുത്തരും എന്ത് വിനിമയം ചെയ്യുന്നുവോ അതിൽ മുഴുകിയിരിക്കും എന്നാണ്. മനുഷ്യൻ ആശയവിനിമയം ചെയ്യുമ്പോൾ അവന് തന്റെ ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ആശയങ്ങളും പ്രത്യാശകളും ജീവിതലക്ഷ്യങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയാണ്. ഇതിൽനിന്നു മനസ്സിലാക്കേണ്ടത് ഡിജിറ്റൽ സാങ്കേതികതയുടെ ലോകത്ത് ക്രൈസ്തവ സാന്നിദ്ധ്യത്തിന് പ്രസക്തിയുണ്ടെന്നാണ്: അത് സത്യസന്ധവും സുതാര്യവും മറ്റുള്ളവരോട് ഉത്തരവാദിത്വപൂർണ്ണവും ബഹുമാനപൂർവകവുമായ ഒരു ആശയവിനിമയശൈലിയായിരിക്കേണ്ടതാണ്. പുതിയ മാധ്യമ

ങ്ങളിലൂടെ സുവിശേഷം പ്രഘോഷിക്കുക എന്നു പറയുന്നത് മതാത്മക മായ ചിന്തകൾ മാധ്യമ മണ്ഡലങ്ങളിൽ ഉൾക്കൊള്ളിക്കുക എന്നു മാത്രമല്ല, മറിച്ച് ഓരോരുത്തരുടെയും ഡിജിറ്റൽ വ്യക്തിത്വവും മുൻഗണനകളും തിരഞ്ഞെടുപ്പുകളും തീർപ്പുകളും പൂർണ്ണമായും സുവിശേഷസാന്ദ്രമാക്കിക്കൊണ്ട്, പ്രത്യക്ഷമായി പ്രഘോഷിക്കാതെയാണെങ്കിലും നിരന്തരമായ ജീവിതസാക്ഷ്യത്തിലൂടെ പ്രകടമാക്കേണ്ടതാണ്. വ്യാപ്തമായ ഡിജിറ്റൽ ലോകത്ത് നിരന്തരമായ സാക്ഷ്യത്തിലൂടെയല്ലാതെ സുവിശേഷം പ്രസംഗിക്കുവാനാവില്ല. ഡിജിറ്റൽ സാങ്കേതികതയുടെ ഈ പുതിയ ചുറ്റുപാടുകളിലും ആവിഷ്കരണരീതികളിലും ക്രൈസ്തവർ അസ്വസ്ഥരാവാതെ പ്രത്യാശയോടെ പ്രതികരിക്കാനും ക്രിസ്തുവിനെ കർത്താവായി പ്രഘോഷിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. (1 പത്രോസ് 3,15).

ഡിജിറ്റൽ യുഗത്തിന്റെ സാങ്കേതികത ഉപയോഗിച്ച് ഇന്നത്തെ സാമൂഹികമാധ്യമശൃംഖലയുടെ ശൈലിയിൽ സുവിശേഷസന്ദേശം ആവിഷ്കരിക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാണ്. ആദ്യമായി മനസ്സിലാക്കേണ്ട ഒരു വസ്തുത, നാം പ്രഘോഷിക്കേണ്ട സത്യത്തിന്റെ മൂല്യം അതിന്റെ ജനപ്രീതിയിലോ, അതിനു ലഭിക്കുന്ന പൊലിമയിലോ അല്ല അടങ്ങിയിരിക്കുന്നത് എന്നാണ്. സത്യം സ്വീകാര്യമാവുന്ന വിധത്തിൽ ലഘൂകരിച്ചോ വെള്ളംചേർത്തോ നല്കുകയല്ല, മറിച്ച് അതിന്റെ സമഗ്രതയിൽ പ്രഘോഷിക്കുകയാണുവേണ്ടത്. അത് ക്ഷണികമായ ഒരു ആകർഷണമാകുന്നതിനെക്കാൾ അനുദിനപോഷണമായി മാറേണ്ടതാണ്. സുവിശേഷസത്യം ഉപരിപ്ലവമായി ഉപയോഗിക്കേണ്ട ഒന്നല്ല, മറിച്ച് സ്വതന്ത്രമായ പ്രതികരണം ആവശ്യപ്പെടുന്ന ഒരു സമ്മാനമാണ്. യാഥാർത്ഥ്യത്തിന്റെ പ്രതീതിയുണർത്തുന്ന ഒരു വെബ് പേജിൽ സുവിശേഷം വിന്യസിക്കപ്പെടുമ്പോഴും, അത് ഈ ലോകയാഥാർത്ഥ്യങ്ങളിൽ മാംസം ധരിക്കുകയും, നാം അനുദിനം ഇടപഴകുന്ന സഹോദരങ്ങൾക്കൊപ്പം ജീവിതബന്ധിയാക്കപ്പെടേണ്ടതുമാണ്. നേരിട്ടുള്ള മനുഷ്യബന്ധങ്ങളാണ് വിശ്വാസപ്രചാരണത്തിന് അടിസ്ഥാനമായി നില്ക്കുന്നത്.

ആത്മവിശ്വാസത്തോടും അറിവോടും അതോടൊപ്പം ഉത്തരവാദിത്വപൂർണ്ണമായ ക്രിയാത്മകതയോടുംകൂടെ ഈ ഡിജിറ്റൽ യുഗം തുറന്നുതന്നിട്ടുള്ള പരസ്പരബന്ധങ്ങളുടെ ശൃംഖലയിൽ കണ്ണിചേരാൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഈ ഡിജിറ്റൽ കൂട്ടായ്മയിൽ ആയിരിക്കുവാനുള്ള ആഗ്രഹ നിർവൃതിക്കുവേണ്ടി മാത്രമല്ല, പരസ്പരബന്ധങ്ങളുടെ ഈ നവശൃംഖല മനുഷ്യജീവന്റെ സമഗ്രഭാഗമായിതീർന്നിരിക്കുന്നതുകൊണ്ടുമാണ് ഈ പ്രത്യേക ക്ഷണം ഞാൻ നിങ്ങൾക്കു നല്കുന്നത്. വെബും ഡിജിറ്റൽ ലോകവും മാനവകുലത്തിന്

നവവും സങ്കീർണ്ണവുമായ ബുദ്ധിയുടെയും ആത്മീയതയുടെയും പുരോഗതിക്കായുള്ള പങ്കുവയ്ക്കലിന്റെ പുതിയചക്രവാളങ്ങൾ വിരിയിക്കുന്നു. ക്രിസ്തു ദൈവമാണെന്നും കാലത്തിന്റെ തികവിൽ എല്ലാം പൂർത്തീകരിക്കുന്നവനാണെന്നും (എഫേസിയർ 1,10), മനുഷ്യകുലത്തിന്റെയും ചരിത്രത്തിന്റെയും രക്ഷകനാണെന്നുമുള്ള വിശ്വാസം ഈ നവശൃംഖലയിൽ പ്രഘോഷിക്കുവാൻ ക്രൈസ്തവർ വിളിക്കപ്പെട്ടിരിക്കുന്നു. അതിവേഗം ഹൃദയത്തെ പ്രചോദിപ്പിക്കുകയും മനസ്സിനെ ചലിപ്പിക്കയും ചെയ്യുന്ന ആദരണീയവും സചേതനവുമായ ഒരു ആശയവിനിമയമാണ് സുവിശേഷപ്രഘോഷണത്തിനാവശ്യം; ഉത്ഥിതനായ ക്രിസ്തു എമ്മാവൂസിലേക്കു പുറപ്പെട്ടുപോയ ശിഷ്യന്മാരുടെ ഹൃദയത്തെ തൊട്ടുണർത്തിയതുപോലുള്ള ഒരാശയവിനിമയമാണിവിടെ വേണ്ടത് (ലൂക്കാ 24, 13-35). ക്രിസ്തുവിന്റെ സംവാദശൈലിയിലുള്ള സമീപനംവഴിയും അവരുടെ ഹൃദയങ്ങളെ ലോലമായി സ്പർശിക്കുന്ന അവിടത്തെ രീതികൊണ്ടും ദൈവികരഹസ്യങ്ങളിലേയ്ക്ക് അവരുടെ ഹൃദയങ്ങൾ മെല്ലെ തുറക്കപ്പെട്ടു.

ഏറെ ജനപ്രീതിയുണർത്തുന്ന സാമൂഹികസമ്പർക്കമാധ്യമശൃംഖലയിൽ പ്രതിഫലിച്ചുകാണുന്ന മനുഷ്യന്റെ പരസ്പരബന്ധത്തിനും കൂട്ടായ്മയ്ക്കും ജീവിതാർത്ഥത്തിനും വേണ്ടിയുള്ള തീക്ഷ്ണമായ അഭിലാഷം ആത്യന്തികമായ ഒരപഗ്രഥനത്തിൽ സത്യമാകുന്ന ക്രിസ്തുവാണ്. തങ്ങളുടെ ജീവിതത്തിന്റെ ആഴമായ ബോധ്യങ്ങൾക്ക് സാക്ഷ്യം നൽകാൻ ആഗ്രഹിക്കുന്ന ക്രൈസ്തവർ വെബെന്ന വലിയ ഡിജിറ്റൽ ശക്തിയെ വ്യക്തിഹത്യയ്ക്കുള്ള ഒരു ഉപകരണമാക്കാനോ, വൈകാരികമായി മനുഷ്യനെ സ്വാധീനിക്കാനോ, ശക്തൻമാരുടെ അഭിപ്രായങ്ങളുടെ കുത്തകയാക്കാനോ അനുവദിക്കരുത്. മറിച്ച്, എല്ലാവരിലുമുള്ള അഭൗമസന്തോഷത്തിനുള്ള ആഗ്രഹവും എന്നും നിലനില്ക്കേണ്ട ജീവന്റെ നന്മയാർന്ന ഭാവത്തിനുള്ള അഭിവാഞ്ഛയും പരിപോഷിപ്പിക്കുന്ന ശൃംഖലയായി അതിനെ വളർത്തേണ്ടതാണ്. തീർച്ചയായും അന്യൂനമായ ഒരു മാനുഷിക ആത്മീയ അഭിവാഞ്ഛയാണ് ഈ ജീവിതത്തിൽ സത്യത്തിനും കൂട്ടായ്മയ്ക്കും ആവേശം പകരുകയും സുതാര്യമായും ആർജ്ജവത്തോടുകൂടിയും ആശയവിനിമയം ചെയ്യാൻ നമ്മെ പ്രചോദിപ്പിക്കുന്നത്. ഡിജിറ്റൽ ലോകത്ത് ക്രിയാത്മകമായ സാന്നിദ്ധ്യം നന്മയ്ക്കായി ഉപയോഗിക്കുവാൻ ഞാൻ യുവാക്കളെ പ്രത്യേകമായി ക്ഷണിക്കുന്നു.

ഏവർക്കും എന്റെ അപ്പസ്തോലിക ആശിർവാദം നല്കുന്നു.

**ബനഡിക്റ്റ് 16-ാമൻ മാർപാപ്പാ**

# THE SYRO-MALANKARA CATHOLIC CHURCH
# EPARCHY OF PATHANAMTHITTA

**Most Rev. Yoohanon Mar Chrysostom**
Bishop of Pathanamthitta

Catholic Bishop's House
Pathanamthitta-689 645
Ph: 0468-2223100, 2223200

## സർക്കുലർ

CL. 3/2011

**ദൈവതിരുനാമത്തിന് മഹത്വമുണ്ടാകട്ടെ!**

**വാത്സല്യമുള്ളവരേ,**

പത്തനംതിട്ട ഭദ്രാസനം സ്ഥാപിതമായിട്ട് ഒന്നര വർഷത്തോളമായി. ഇന്നോളം ദൈവം നമ്മെ വളരെ അത്ഭുതകരമായി വഴിനടത്തുന്നു. നമുക്ക് ദൈവത്തെ സ്തുതിക്കാം. ആദ്യത്തെ സഭാഅസംബ്ലിയും വിജയകരമായി അവസാനിച്ചു. അടുത്ത അഞ്ചു വർഷം ക്രിയാത്മകമായ പ്രവർത്തനങ്ങളുടെ സമയമാണല്ലോ. പരിശുദ്ധ സുനഹദോസ് നിർദേശിക്കുന്നതനുസരിച്ച് സഭയുടെ കെട്ടുപണിയിൽ നമുക്ക് പങ്കുചേരാം.

നമ്മുടെ രൂപതയുടെ വളരെ അടിയന്തരമായ ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയ്ക്കായി നിർദേശിക്കട്ടെ.

**1. കത്തീഡ്രൽ ദൈവാലയകൂദാശ:**

A. ഒരു രൂപതയെ സംബന്ധിച്ച് അതിന്റെ കത്തീഡ്രൽ ദൈവാലയം വളരെ പ്രധാനപ്പെട്ടതാണെന്ന് നമുക്കറിയാമല്ലോ. രൂപതാരൂപീകരണത്തിന് മുൻപ് പത്തനംതിട്ട ദൈവാലയനിർമ്മാണം വികാരി ബഹു. ഏബ്രഹാം വാവോലിമേപ്രത്ത് അച്ചനോടു ചേർന്ന് ഇടവകാംഗങ്ങൾ ഗൗരവമായി നടത്തുകയായിരുന്നു. ഏതാണ്ട് ഒരു കോടി മുപ്പതുലക്ഷത്തിൽപരം രൂപയോളം അവർ ദൈവാലയത്തിനു വേണ്ടി ചെലവഴിച്ചു. രൂപതാരൂപീകരണശേഷം കത്തീഡ്രൽ എന്ന നിലയ്ക്ക് പത്തനംതിട്ട ദൈവാലയത്തിന്റെ പണികൾ രൂപതയുടെ ചുമതലയിലും വികാരി ബഹു. ജോൺ തുണ്ടിയത്ത് അച്ചന്റെ മേൽനോട്ടത്തിലും ഇടവകനിർമ്മാണക്കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിലും ധൃതഗതിയിൽ നടക്കുകയുമാണ്.

B. 2012 സെപ്റ്റംബർ മാസത്തിൽ അടുത്ത വർഷത്തെ പുനരൈക്യവാർഷികം പത്തനംതിട്ടയിൽ വച്ച് നടത്താമോ എന്ന് പരിശുദ്ധ സുനഹദോസ് ചോദിച്ചിരിക്കുകയാണ്. പുനരൈക്യവാർഷികത്തോട് ചേർന്ന് കത്തീഡ്രൽ ദൈവാലയകൂദാശ നടത്തുന്നത് ഉചിതവും യുക്തവുമാണന്ന് കരുതുന്നു. അങ്ങനെ വലിയ സാമ്പത്തികനഷ്ടം

നമുക്ക് ഒഴിവാക്കാം. ഇതിനെക്കുറിച്ച് ചിന്തിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും മീറ്റിംഗുകൾ വിളിച്ചിട്ടുണ്ട്. കത്തീഡ്രൽ കൂദാശയ്ക്കു മുമ്പ് പണി തീർക്കാൻ ഇനിയും വളരെയധികം പണം ആവശ്യമാണ്. രൂപതയുടെ തുടക്കത്തിൽ തന്നെ നമ്മുടെ എല്ലാ ഇടവകകളുടേയും വ്യക്തികളുടേയും സാമ്പത്തിക സഹായം ഞാൻ അഭ്യർത്ഥിച്ചിരുന്നു എന്നാൽ പ്രതീക്ഷിച്ചത്ര പ്രതികരണം ഉണ്ടായില്ല. അതിനാൽ എല്ലാ ഇടവകകളും സാമ്പത്തിക കഴിവുള്ള വ്യക്തികളും ഇതിന് ഉദാരമായി സഹകരിക്കണം. ബഹു. വികാരിയച്ചന്മാർ ഈ കാര്യത്തിൽ പ്രത്യേകം താത്പര്യം കാണിക്കുകയും പിരിച്ചെടുക്കുന്ന തുക അരമനയിൽ എത്തിച്ച് അനുഗ്രഹം പ്രാപിക്കുകയും വേണം.

മൈനർ സെമിനാരിയുടേയും അരമനയുടേയും പണികൾ വളരെ വേഗത്തിൽ നടക്കുന്നു. രണ്ടിന്റേയും ഒന്നാം നിലയുടെ വാർപ്പ് തീർന്നു. സാമ്പത്തിക ഭദ്രതയുള്ളവർക്ക് ഇതിൽ ക്രിയാത്മകമായി സഹകരിക്കാം. സെമിനാരി, അരമന, ചാപ്പൽ, ഒരുമുറി, മെത്രാന്റെ മുറി ഇങ്ങനെ ഏതെങ്കിലും ഏറ്റെടുത്ത് അതിന്റെ ചെലവ് വഹിച്ച് സഹായിക്കാവുന്നതാണ്. അങ്ങനെയുള്ളവരുടെ പേരുകൾ അവിടെ എഴുതിവയ്ക്കുന്നതും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതുമായിരിക്കും.

**2. ദൈവവിളി:**

വിശ്വാസ പരിശീലനരംഗത്തും, യുവജന സംഘടനാരംഗത്തും നമ്മുടെ മിക്ക കുഞ്ഞുങ്ങളും വേണ്ടത്ര ശ്രദ്ധയോ സഹകരണമോ നൽകുന്നില്ല എന്നതും വേദനാജനകമാണ്. സഭയൊടോത്ത് ചിന്തിക്കുവാനും കർമ്മനിരതരാകുവാനും കുഞ്ഞുങ്ങളെ ഞാൻ ആഹ്വാനം ചെയ്യുന്നു.

സഭയെ സംബന്ധിച്ച് ഒരു സുപ്രധാന വിഷയമാണ് പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കുമുള്ള ദൈവവിളി. സുവിശേഷ ദൈവവിളി സംബന്ധിച്ച് നല്ല ബോധവൽക്കരണം ആവശ്യമാണ്. നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും ഇതേക്കുറിച്ച് ചിന്തിക്കുകയും പ്രാർത്ഥിക്കുകയും തീരുമാനങ്ങൾ എടുക്കുകയും വേണം. അവരെ ഒരുക്കാനായി ഒരു മുഴുവൻ സമയ ദൈവവിളി പ്രൊമോട്ടറെയും അദ്ദേഹത്തോട് സഹകരിച്ച് പ്രവർത്തിക്കാൻ ഒരു സന്യാസിനിയേയും നിയമിക്കാൻ ഉദ്ദേശിക്കുന്നു. ദൈവവിളി പ്രോത്സാഹിപ്പിക്കാനും ദൈവവിളി ക്യാമ്പുകൾ നടത്താനും ധ്യാനം സംഘടിപ്പിക്കാനും കുട്ടികളിൽ ആത്മസമർപ്പണവും ദൈവശുശ്രൂഷയോടുള്ള താത്പര്യം വർദ്ധിപ്പിക്കാനും ഇത് സഹായകമാകും എന്ന് എനിയ്ക്കുറപ്പുണ്ട്. ഈ കാര്യത്തിന് എല്ലാ ബഹു. വൈദികരുടേയും സന്യസ്തരുടേയും ദൈവജനത്തിന്റേയും പരിപൂർണ്ണ പിൻതുണയും സഹകരണവും ആവശ്യപ്പെടുന്നു.

**3. പാലിയേറ്റീവ് കെയർ യൂണിറ്റ്:**

അതുപോലെ വർഷങ്ങളായി തിരുവനന്തപുരം അതിരൂപതയുടെ ചുമതലയിൽ കാർമ്മലപള്ളിയുടെ ഉത്തരവാദിത്വത്തിൽ നടത്തിയിരുന്ന ക്ലിനിക്കിനെ കഴിഞ്ഞ രണ്ട് വർഷങ്ങളായി വിലയിരുത്തുകയായിരുന്നു അതിന്റെ നടത്തിപ്പ് വലിയ ഒരു സാമ്പത്തിക ബാധ്യത ആയതിനാലും അതിനേക്കാൾ മെച്ചമായ ചികിത്സ ഇപ്പോൾ കോന്നി പ്രദേശത്ത് ലഭ്യമായതിനാലും അത് നിർത്തുവാൻ തീരുമാനിച്ചു. ക്ലിനിക്കിന്റെ സൗകര്യം ഉപയോഗിച്ച് ഒരു പാലിയേറ്റീവ് കെയർ യൂണിറ്റ് (നിർധനരായ പ്രായം ചെന്ന ആളുകളുടെ ശുശ്രൂഷയ്ക്കായി) തുടങ്ങുവാൻ തീരുമാനിച്ചിരിക്കുകയാണ്. അനതി വിദൂരഭാവിയിൽ മരണത്തിലേക്ക് നയിക്കുന്നതും അതികഠിനവും നിരന്തരവുമായി വേദനയനുഭവിക്കുന്ന കാൻസർ പോലെയുള്ള മാരക രോഗങ്ങളുടെ നീരാളിപ്പിടുത്തത്തിൽ പെട്ടുപോയവരുമായ ഹതഭാഗ്യരെ ശുശ്രൂഷിച്ച് പ്രത്യാശയും ദൈവാശ്രയബോധവും നൽകി ശക്തിപ്പെടുത്തുന്ന ശുശ്രൂഷയാണ് ഇത്. നല്ല ജീവിതസായാഹ്നത്തിനും നല്ല മരണത്തിനും ഒരുക്കുന്ന ശുശ്രൂഷ തികച്ചും ദൈവികമല്ലേ! ദൈവം അത്ഭുതം പ്രവർത്തിക്കുക ബലഹീനരായ മനുഷ്യരിലൂടെയാണല്ലോ. സ്നേഹത്തിന്റെ കരസ്പർശവും സാന്ത്വനത്തിന്റെ മഹിമയും കരുതലിന്റെ ഉൾവിളിയും ചേർന്ന ഈ ശ്രേഷ്ഠ ശുശ്രൂഷ പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് ഔദാര്യത്തോടെ നൽകുവാനാണ് നാം ആഗ്രഹിക്കുന്നത്. ഈ വർഷത്തെ എന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് ഇടവകയിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിക്കുന്ന ചാരിറ്റിഫണ്ട് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി ഉപയോഗിക്കുന്നതാണ്. നിങ്ങൾ ഓരോരുത്തരുടേയും ഔദാര്യപൂർവമായ സഹകരണം പ്രത്യേകം പ്രതീക്ഷിക്കുന്നു.

ദൈവമായ കർത്താവ് നിങ്ങളെ ആശീർവദിക്കട്ടെ. പരിശുദ്ധ അമ്മയുടെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടേയും മാദ്ധ്യസ്ഥ്യം നമുക്ക് കോട്ടയായിരിക്കട്ടെ.

ക്രിസ്തു യേശുവിൽ,



**മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം**

**പത്തനംതിട്ട മെത്രാപ്പോലീത്ത**

**15/10/2011**

**കാത്തലിക് ബിഷപ്പ്സ് ഹൗസ്**

**പത്തനംതിട്ട**

**യുവജനദിനത്തോടനുബന്ധിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ പുറപ്പെടുവിക്കുന്ന സർക്കുലർ**

# യുവജനദിന സന്ദേശം 2011

വന്ദ്യ വൈദീകരെ സന്യസ്തരേ, മാതാപിതാക്കന്മാരേ, കർത്താവിൽ പ്രിയ യുവജനങ്ങളേ,

എല്ലാവർക്കും വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളിന്റെ മംഗളങ്ങൾ!

യുവത്വത്തിന്റെ ശക്തിയും സർഗ്ഗാത്മകതയും മുഴുവൻ ഊർജ്ജവും ക്രിസ്തുവിനും ദൈവരാജ്യത്തിനും വേണ്ടി ചെലവഴിച്ച് ഇന്നും യുവലോകത്തിനു മുഴുവൻ മാതൃകയും വെല്ലുവിളിയുമായിരിക്കുന്ന വി.ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനമായ ഒക്ടോബർ 4, മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ യുവജന ദിനമായി ആചരിക്കുകയാണല്ലോ. ഒക്ടോബർ 4 പ്രവൃത്തി ദിനമാകയാൽ 2-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും യുവജനദിനം സമുചിമായി ആഘോഷിക്കുവാൻ എല്ലാ ഇടവകകളെയും യുവജനങ്ങളെയും യുവജനങ്ങൾക്ക് നേതൃത്വം നൽകുന്നവരേയും ഞാൻ ഹൃദയപൂർവ്വം ആഹ്വാനം ചെയ്യുന്നു. അന്നേ ദിവസത്തെ വി.കുർബാനയെ തുടർന്ന് പഠനസെമിനാർ, സമ്മേളനങ്ങൾ എന്നിവ ക്രമീകരിക്കുവാനും യുവജന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകുവാനും ഞാൻ ഏവരെയും സ്നേഹപൂർവ്വം അനുസ്മരിപ്പിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾ തിരുസഭയോടൊത്ത് ചിന്തിക്കുകയും ജീവിക്കുകയും ചെയ്തു കൊണ്ട്, സഭാതലത്തിലും, ഭദ്രാസനതലത്തിലും ഇടവകതലത്തിലും നിർവ്വഹിക്കുന്ന സ്തുത്യർഹമായ ശുശ്രൂഷകളെ ഞാൻ സന്തോഷത്തോടെയും അഭിമാനത്തോടെയും നോക്കിക്കാണുന്നു. ഓരോരുത്തരെയും അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു. നമ്മുടെ യുവജനങ്ങൾക്ക് നേതൃത്വവും പ്രോത്സാഹനവും നൽകുന്ന വൈദികരെയും സന്യസ്

തരെയും അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർമ്മിക്കുന്നു.

പ്രിയ യുവജനങ്ങളേ, നിങ്ങൾ സഭയുടെ സമ്പത്താണ്. സഭയുടെ ഭാവിയുടെ പ്രതീകങ്ങളാണ്. സഭയേയും സമൂഹത്തെയും ഏറ്റവും അധികം സ്വാധീനിക്കുന്നത് നിങ്ങളാണ്. സഭയ്ക്കും ലോകത്തിനും തേജസ്സും ഓജസ്സും പകരുന്നത് യുവതലമുറയാണ്. അതിനാൽതന്നെ സഭമുഴുവന്റെയും പ്രത്യേകമായ സ്നേഹവും ശ്രദ്ധയും നിങ്ങളിലാണ്.

സഭാമാതാവ് തന്റെ ഭാവിയെക്കുറിച്ച് ചിന്തിക്കുമ്പോൾ പ്രതീക്ഷ യോടെ ഉറ്റുനോക്കുന്നത് യുവജനങ്ങളിലേക്കാണ്. ക്രിസ്തുവിനെ അനുകരിക്കുന്നവരും ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യരുമായി ഈ ലോകത്തിൽ സാക്ഷ്യം നൽകുന്നവരായിത്തീരുവാൻ യുവതലമുറയെ സഹായിക്കുവാനാണ്, സഭ യുവജന പ്രസ്ഥാനത്തിലൂടെ ശ്രമിക്കുന്നത്. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും പ്രവർത്തനങ്ങളിലും നിന്ന് യുവജനങ്ങളെ മാറ്റി നിർത്താൻ സാധിക്കുകയില്ല. മാറ്റി നിർത്താൻ പാടില്ല. സഭയിൽ യുവജനപ്രസ്ഥാനം ഒരു സമാന്തര വിഭാഗമായിട്ടല്ല സഭാ ഹൃദയത്തോട് പറ്റിച്ചേർന്നാണ് വളരേണ്ടത്. മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിലൂടെ ഓരോ യുവാവിന്റെയും യുവതിയു ടെയും സമഗ്രമായ വളർച്ചയാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചും ജീവിതമാർഗ്ഗദിശ യെക്കു റിച്ചും, “ഞാനാരാണ്? ഞാൻ എന്തിന് ഇവിടെ ആയിരിക്കുന്നു? ഞാൻ എങ്ങോട്ട് പോകുന്നു?” തുടങ്ങിയ യഥാർത്ഥവും അനിഷേധ്യവുമായ ചോദ്യങ്ങൾ ഉയരുന്ന കാലഘട്ടമാണ് യൗവ്വനം. ദൈവത്തിനു മാത്രമേ ഈ ചോദ്യങ്ങൾക്കു ഉത്തരം നൽകുവാൻ സാധിക്കൂ. “വിശുദ്ധ ഗ്രന്ഥ മാണ് യുവജനങ്ങൾ സഞ്ചരിക്കേണ്ട വഴിചൂണ്ടികാണിക്കുന്ന കോമ്പസ്” (verbum Domini 104).

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ അസംബ്ലിയുടെ പശ്ചാതലത്തിൽ ‘സുവിശേഷകയായ മലങ്കര സുറിയാനികത്തോ ലിക്കാസഭ’ എന്ന വിഷയം സഭയുടെ എല്ലാതലങ്ങളിലും; ചിന്തയിലും, ധ്യാനത്തിലും, തീരുമാനങ്ങളിലും നിറഞ്ഞു നിൽക്കുന്ന അവസരമാണ ല്ലോ ഇത്. സുവിശേഷ പ്രഘോഷണം സഭയുടെ ജീവരക്തം തന്നെയാണ് (life Blood of the Church). “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മാർക്കോ. 16:15) എന്നത് നമ്മുടെ കർത്താവിന്റെ കല്പനയാണ്. “സുവിശേഷ പ്രഘോ ഷണം ഓരോ വിശ്വാസിയുടെയും കടമയായതിനാൽ സൗകര്യപ്രദമായ സ്ഥലത്തും സമയത്തും മാത്രം തെരഞ്ഞെടുക്കേണ്ട ഒരു ദൗത്യമല്ല; മറിച്ച് ഒഴിച്ചു കൂടാനാവാത്ത ദൗത്യവും സഭയിലെ എല്ലാ ശുശ്രൂഷക ൾക്കും ശക്തി പകരുന്ന കേന്ദ്രവുമാണ്” (EN 14). “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം” (1 കൊരി. 9:16) എന്ന വി. പൗലോസ് ശ്ലീഹായുടെ ഏറ്റുപറച്ചിൽ നാമും ആവർത്തിക്കുവാനുള്ള സമയമാണിത്.

“സുവിശേഷവത്കരണം എന്നത്, എല്ലാ ജനതകൾക്കും വചനം എത്തിച്ചുകൊടുത്ത് വചനത്തിന്റെ സ്വാധീനത്താൽ മാനവകുലത്തെ

ആന്തരികമായി രൂപാന്തരപ്പെടുത്തി പുതിയതാക്കുകയാണ്" (EN 18). "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചതുപോലെ" (യോഹ. 1:14) ക്രിസ്തുവിന്റെ സുവിശേഷ വേലയുടെ തുടർച്ചയും, ക്രിസ്തുവിനെപ്പോലെ ജനതകളുടെ ഇടയിൽ വസിക്കലുമാണ്. സഭയുടെ ഈ ദൗത്യത്തിൽ പകരം വയ്ക്കാനാവാത്ത പങ്ക് യുവതക്ക് ഉണ്ട്.

പ്രിയ യുവജനങ്ങളെ,

സ്പെയിനിലെ മാഡ്രിഡ് - ൽ 2011 ആഗസ്റ്റ് 15 മുതൽ 21 വരെ നടന്ന ലോകയുവജനദിനാഘോഷത്തിൽ സമ്മേളിച്ച 20 ലക്ഷത്തിൽപ്പരം യുവജനങ്ങൾക്കായി പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ നൽകിയ സമാപന സന്ദേശത്തിൽ ആഹ്വാനം ചെയ്തത് ഇപ്രകാരമാണ്. "യുവജനങ്ങളെ, നിങ്ങൾ പോവുക, സകല ജനത കളെയും ശിഷ്യപ്പെടുത്തുക"(മത്തായി 28:19) 2013-ൽ ബ്രസീലിൽ സമ്മേളിക്കുവാൻ പോകുന്ന ലോകയുവജന സമ്മേളനത്തിന്റെ ചിന്താവിഷയവും ഇതുതന്നെ ആയിരിക്കും. പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനത്താലാണ് ആഗോളകത്തോലിക്കാ സഭയിലും മലങ്കര കത്തോലിക്കാ സഭയിലും സുവിശേഷവത്കരണം എന്ന വിഷയം ഒരേ കാലഘട്ടത്തിൽ ആഴമായ പരിചിന്തനത്തിന്റെ കേന്ദ്രമായിത്തീർന്നിരിക്കുന്നത്. ഇത് യുവജനങ്ങളെക്കുറിച്ചുള്ള പ്രത്യേക ദൈവനിയോഗമായി തിരിച്ചറഞ്ഞുകൊണ്ട് സുവിശേഷ മൂല്യങ്ങൾക്കായി സ്വയം സമർപ്പിക്കുവാൻ സഭാമാതാവ് തന്റെ വത്സലമക്കളെ ആഹ്വാനം ചെയ്യുകയാണ്. ഈ ആഹ്വാനം നിങ്ങളുടെ ഹൃദയറക ളിൽ പ്രതിധ്വനിക്കണം. സുവിശേഷമൂല്യങ്ങൾ കൊണ്ട് ഈ ലോകത്തെ മുഴുവൻ നിറയ്ക്കുവാൻ പ്രതിജ്ഞാ ബദ്ധരായി ഇറങ്ങി പുറപ്പെടുകയും വേണം. അതേ സമയം ക്രിസ്തു അനുഭവമില്ലാതെ ആർക്കും ക്രിസ്തുവിനെ പ്രഘോഷിക്കാൻ സാധിക്കുകയില്ല എന്ന് നാം ഓർക്കണം. "ഞങ്ങൾ കേട്ടതു സൂക്ഷിച്ചുവീക്ഷിച്ചതും, കൈക്കൊണ്ട് സ്പർശി ച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1യോഹ 1:1) എന്ന് പ്രഘോഷിച്ച ശ്ലീഹാന്മാരുടെ ആധികാരികത നിങ്ങൾക്കും ഉണ്ടായിരിക്കണം. ക്രിസ്തുവിനെ കണ്ടുമുട്ടാതെ ക്രിസ്തുവിനെ സ്പർശിക്കാതെ എങ്ങനെ അവിടുത്തെക്കുറിച്ച് പ്രസംഗിക്കുവാൻ സാധിക്കും? എങ്ങനെ അവിടുത്തെ മനസ്സ് അറിയുവാൻ കഴിയും? ഇന്ന് നാം അവിടുത്തെ സ്പർശിക്കുന്നത് വി.കുർബാനയിലൂടെയാണ്. ദൈവവചനം ശ്രവിക്കുമ്പോൾ വചനം നമ്മുടെ ചിന്തയുടെയും ഓർമ്മയുടെയും ഭാഗമായി തീരുമ്പോൾ നാം അവിടുത്തെ കേൾക്കുകയും ചെയ്യുന്നു. ഇങ്ങനെ അനുഭവത്തിൽ നിന്നും പ്രഘോഷിക്കുന്ന ജീവിതം കൊണ്ട് ക്രിസ്തീയ മൂല്യങ്ങൾക്ക് സാക്ഷ്യം നൽകുന്ന ഊർജ്ജസ്വലരായ യുവതീയുവാക്കളെയാണ് ഇന്ന് ലോകം ഉറ്റുനോക്കുന്നത്.

ഇന്ന് ലോകത്തിൽ രണ്ട് ശക്തികൾ പ്രവർത്തിക്കുന്നതായി ഞാൻ കാണുന്നു. (1) സ്വയം നശിപ്പിക്കുന്ന ശക്തി (self distructive power) (2) പടുത്തുയർത്തുന്ന, സമഗ്രത നൽകുന്ന ശക്തി (self integrating power) സ്വാർത്ഥത, വർഗ്ഗീയത, നിസ്സംഗത, സ്വയം നശിപ്പിക്കുന്ന ലഹരി, ജീവനെതിരായ തിന്മകൾ, പ്രകൃതിയ്ക്കെതിരായ പ്രവർത്തനങ്ങൾ

തുടങ്ങിയവയെല്ലാം സ്വയം നശിപ്പിക്കുന്ന ശക്തിയുടെ ലക്ഷണങ്ങളാണ്. 'മരണ സംസ്കാരം' എന്നാണ് വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ഇതിനെ വിശേഷിപ്പിച്ചത്. അതേസമയം, സമഗ്രത നൽകുന്ന മറ്റൊരു ശക്തിയും (self integrating power) ലോകത്തിലും നമ്മിലും പ്രബലപ്പെട്ടുകൊണ്ടി രിക്കുന്നു. അഴിമതിക്കെതിരെയുള്ള പോരാട്ടം, രാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണം, ദീനാനുകമ്പ, ശത്രുക്കളായിരുന്നവർ മിത്രമാകുന്ന അവസ്ഥ, നവലോകസൃഷ്ടിക്കായുള്ള ആഗ്രഹം, പരിശ്രമം ഇതെല്ലാം സമഗ്രതനൽകുന്ന ശക്തിയുടെ ലക്ഷണങ്ങളാണ്. ഇവയുടെ പൂർണ്ണതയാണ് സുവിശേഷ മൂല്യാധിഷ്ഠിതമായ ജീവിതം. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ. 5:14) എന്ന് യുവതലമുറയെ സ്നേഹപൂർവ്വം ഉറ്റുനോക്കിക്കൊണ്ട് ക്രിസ്തു ഓർമ്മിപ്പിക്കുകയാണ്. ചുറ്റും ഇരുൾ പടരുമ്പോഴും സുവിശേഷ മൂല്യമാകുന്ന പ്രകാശം നിങ്ങളിൽ നിന്ന് പുറപ്പെടണം. അതിനായി ആദ്യം നിങ്ങൾ യുവാവായ ക്രിസ്തുവിന് മുഖാമുഖം നിൽക്കുക. ക്രിസ്തുവിനോട് ചേർന്ന് നിൽക്കുക. വി.കുർബാനയിലൂടെ സുവിശേഷകനായ യോഹന്നാനെപ്പോലെ അവിടുത്തെഹൃദയത്തുടിപ്പുകൾ അറിയുക. തലമുറകളായി യുവജനതയിലേക്ക് പ്രകാശം പ്രസരിപ്പിക്കുന്ന വി.ഫ്രാൻസിസി അസ്സീസി നിങ്ങൾക്ക് ഉത്തമമാതൃകയാണ്. അതോടൊപ്പം ആ വിശുദ്ധനെപ്പോലെ ആയിത്തീരുവാനുള്ള വെല്ലു വിളിയും കൂടിയാണ്. "കർത്താവേ എന്നെ സമാധാനത്തിന്റെ ഉപകരണമാക്കണമേ, വിദ്വേഷമുള്ളിടത്ത് സ്നേഹവും, ദ്രോഹമുള്ളിടത്ത് ക്ഷമയും സന്ദേഹമുള്ളിടത്ത് വിശ്വാസവും നിരാശയുള്ളിടത്ത് പ്രത്യാശയും അന്ധകാരമുള്ളിടത്ത് പ്രകാശവും സന്താപമുള്ളിടത്ത് സന്തോഷവും ഞാൻ വിതക്കട്ടെ" എന്ന അദ്ദേഹത്തിന്റെ വിശ്വപ്രസിദ്ധമായ പ്രാർത്ഥന നമുക്കും ഒന്നിച്ചുരുവിടാം.

ഈ ദിവസത്തെ കാണിക്ക സഭയിലെ യുവജനശുശ്രൂഷകൾക്കായി ഭദ്രാസന കേന്ദ്രങ്ങളിൽ നൽകേണ്ട കാര്യം ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈ കാലഘട്ടത്തിൽ ഭാവാത്മകമായ മാറ്റത്തിന്റെ വക്താക്കളായി നിങ്ങൾ രൂപാന്തരപ്പെടട്ടെ. സുവിശേഷ മൂല്യങ്ങൾ കൊണ്ട് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കുവാൻ നിങ്ങൾക്കു സാധിക്കട്ടെ.

നിങ്ങൾ ഓരോരുത്തരേയും എന്റെ പ്രാർത്ഥനയിൽ ഞാൻ അനുസ്മരിക്കുന്നു.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ,

സ്നേഹാശീർവാദങ്ങളോടെ

**മോസ്റ്റ് റവ. വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**

ചെയർമാൻ, യുവജനങ്ങൾക്കായുള്ള സിനഡൽ കമ്മീഷൻ

മലങ്കര സുറിയാനി കത്തോലിക്കാസഭ

# THE SYRO-MALANKARA CATHOLIC CHURCH
# DIOCESE OF PATHANAMTHITTA

**Catholic Bishop's House**
St. Peter's Junction
Pathanamthitta-689 645

**RT. REV. MSGR. JOSE CHAMAKALAYIL**
Chief Vicar General

PROT. NO. CVG. 1/2011
26/09/2011

**സർക്കുലർ**

വന്ദ്യകോറെപ്പിസ്കോപ്പാമാരേ, വന്ദ്യറമ്പാൻമാരേ, വന്ദ്യവൈദികരേ, ശെമ്മാശൻമാരേ, ബഹുമാനപ്പെട്ട സന്ന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

നമ്മുടെ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ സ്വർഗീയ മധ്യസ്ഥനായ വി. ജോൺ ക്രിസോസ്റ്റമിന്റെ പെരുന്നാൾ നവംബർ മാസം 13-ാം തീയതിയാണല്ലോ. പിതാവിന്റെ നാമഹേതുകത്തിരുനാൾ ആത്മീയമായും ഭക്തിനിർഭരമായും ലളിതമായും നടത്തുവാനാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഒരുവർഷമായി വന്ദ്യപിതാവിലൂടെ ദൈവം നമ്മുടെ രൂപതയ്ക്ക് തന്നുകൊണ്ടിരിക്കുന്ന എല്ലാ നന്മകൾക്കും അനുഗ്രഹങ്ങൾക്കും നന്ദിപറയുവാൻ ഈ അവസരം നമുക്ക് ഉപയോഗിക്കാം. ഭദ്രാസന സ്ഥാപനത്തോടുകൂടി നമ്മുടെ നൂറ് ഇടവകകൾക്കും ഒരു പുത്തൻ ഉണർവ് ലഭിച്ചിട്ടുണ്ടല്ലോ. അതുപോലെ നമ്മുടെ എല്ലാ പ്രസ്ഥാനങ്ങളും വന്ദ്യപിതാവിന്റെ നേതൃത്വത്തിൽ അതിശീഘ്രം വളരുന്നു എന്നത് സന്തോഷപ്രദമാണ്. അരമന, കത്തീഡ്രൽ ദൈവാലയം, മൈനർ സെമിനാരി, ഓമല്ലൂർ സ്കൂൾ കെട്ടിടം, ദൈവാലയങ്ങൾ, പള്ളിമേടകൾ മുതലായവയുടെ പണി ഭംഗിയായി മുന്നോട്ടുപോകുന്നു. അതുപോലെതന്നെ ളാക്കൂർ കാരുണ്യഭവൻ, ചീക്കനാൽ ആശ്വാസഭവൻ എന്നിവയുടെ പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെടുത്തുവാൻ വന്ദ്യപിതാവിന്റെ നേതൃത്വത്തിന് സാധിച്ചിട്ടുണ്ട്. ഭദ്രാസന വളർച്ചയുടെ ഭാഗമായി ഈ വർഷങ്ങളിൽ 5 ഏക്കർ സ്ഥലം പുത്തൻപീടികയിലും 40 സെന്റ് സ്ഥലം പത്തനംതിട്ട ഠൗണിന്റെ ഹൃദയഭാഗത്തും വാങ്ങുവാൻ സാധിച്ചു. കാർമ്മലയിൽ വർഷങ്ങളോളം ഒരു ക്ലിനിക്കായി പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഒരു പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങുവാൻ തീരുമാനിച്ചിരിക്കുന്നു. അങ്ങനെ വന്ദ്യപിതാവ് വഴി നിരവധി അനുഗ്രഹങ്ങൾ നമ്മൾ പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇവിടെയെല്ലാം സഭാമക്കളുടെ നിർലോഭമായ സഹായങ്ങളും സഹകരണവും പ്രാർത്ഥനയും ഉള്ളതിനാൽ ദൈവത്തിന് നന്ദിപറയുന്നു.

വി. ജോൺ ക്രിസോസ്റ്റം(+407) ലാളിത്യത്തിന്റെയും സഭാസ്നേ

ഹത്തിന്റെയും പാവപ്പെട്ടവരോടുള്ള അനുകമ്പയുടേയും പര്യായമായിരുന്നു. തികഞ്ഞ ആത്മാർത്ഥ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അന്ത്യോക്യൻ സഭയിൽപ്പെട്ട ജോൺ ചെറുപ്പം മുതലേ കടുത്ത താപസജീവിതം അനുഷ്ഠിച്ചു. വൈദികനായശേഷം അന്ത്യോക്യയിലെ പ്രധാനപള്ളിയിൽ പ്രസംഗകനായി നിയമിതനായി. ഈ ശുശ്രൂഷ ശ്രേഷ്ഠമായി നിർവഹിച്ച്, വലിയ പ്രസംഗകൻ എന്നറിയപ്പെട്ടു. ചക്രവർത്തിയുടെ നിർബന്ധത്താൽ കോൺസ്റ്റാന്റിനോപ്പിൾ ആർച്ചുബിഷപ്പായി. സഭയെ അബദ്ധോപദേശകരിൽ നിന്ന് സംരക്ഷിക്കുന്നതിലും സഭാംഗങ്ങളുടെ കുത്തഴിഞ്ഞ ജീവിതം ക്രമപ്പെടുത്തുന്നതിലും അദ്ദേഹം സർവാത്മനാ ശ്രമിച്ചു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ എതിരാളികൾ അദ്ദേഹത്തിനെതിരെ ഉപജാപങ്ങൾ നടത്തി. മുപ്പത്തിമൂന്ന് മെത്രാൻമാർ ഓക് സിനഡിൽ വച്ച് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി, ചക്രവർത്തിയെക്കൊണ്ട് അദ്ദേഹത്തെ നാടുകടത്തിച്ചു. യാത്രാക്ലേശം കൊണ്ടും പ്രതികൂല കാലാവസ്ഥകൊണ്ടും ക്ഷീണിതനായി കൗക്കാസസ് പ്രദേശത്തുവച്ച് അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ തിരുശേഷിപ്പ് കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടുവന്ന് സംസ്കരിച്ച ശേഷമാണ് റോമാസഭ കോൺസ്റ്റാന്റിനോപ്പിൾ സഭയുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിച്ചത്. ആറാം നൂറ്റാണ്ടുമുതൽ സ്വർണനാവുകാരൻ (ക്രിസോസ്റ്റമോസ്) എന്ന് ജോൺ അറിയപ്പെട്ടു.

സഭയേയും സഭാമക്കളെയും ഹൃദയംഗമമായി സ്നേഹിച്ച വി. ജോൺ ക്രസോസ്റ്റമിന്റെ നാമധാരിയാണ് നമ്മുടെ പിതാവ്. വിശുദ്ധനെപ്പോലെ തികഞ്ഞ ആത്മാർത്ഥത നമ്മുടെ പിതാവിന്റെയും മുഖമുദ്രയാണ്; അതുപോലെ പാവപ്പെട്ടവരോടുള്ള അനുകമ്പയും ലളിത ജീവിതവും സത്യത്തോടുള്ള സ്നേഹവും. 'പിതാവ്' എന്ന് മെത്രാനെ വിളിക്കുന്നത് പുരാതനപാരമ്പര്യമാണ്. നമ്മുടെ ഭദ്രാസനാധ്യക്ഷൻ ഈ നാമത്തിന് തികച്ചും യോഗ്യനാണ് എന്ന് അദ്ദേഹത്തോട് ഇടപെട്ടിട്ടുള്ളവർക്കെല്ലാമറിയാം.

നാമഹേതുക തിരുനാളിന്റെ ഭാഗമായുള്ള പ്രധാന ആഘോഷങ്ങൾ 2011 നവംബർ 12 ശനിയാഴ്ചയാണ് നടക്കുന്നത്. അന്നേ ദിവസം രാവിലെ 10 മണിക്ക് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദേവാലയത്തിൽ വിശുദ്ധ സമൂഹബലിയും, അനുമോദന സമ്മേളനവും തുടർന്ന് സ്നേഹഭോജനവും ഉണ്ടായിരിക്കും. നമ്മുടെ എല്ലാ വൈദികരും, സിസ്റ്റേഴ്സും വി. ബലിയിലും തുടർന്നുള്ള പരിപാടികളിലും സംബന്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് വന്ദ്യപിതാവിനെ നേരിൽ കണ്ട് ആശംസകൾ അറിയിക്കുന്നതിനും ചാരിറ്റി ഫണ്ട് ഏൽപ്പിക്കുന്നതിനും അവസരമുണ്ടായിരിക്കുന്നതാണ്. ഇടവകയുടെ സംഭാവന കമ്മിറ്റിയംഗങ്ങൾ ബഹു. വികാരിയച്ചൻ വഴി വന്ദ്യപിതാവിനെ ഏൽപ്പിക്കേണ്ടതാണ്. ആശ്രമങ്ങളുടേയും മഠങ്ങളുടേയും സ്ഥാപനങ്ങളുടേയും പ്രതിനിധികൾക്കും വന്ദ്യപിതാവിനെ നേരിട്ടു കാണുന്നതിന് അവസരമുണ്ടായിരിക്കും. ഈ വർഷം ലഭിക്കുന്ന ചാരിറ്റിഫണ്ട്, പുതുതായി കാർമ്മ

ലയിൽ ആരംഭിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നടത്തിപ്പിനായി ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. ബഹു. വൈദികരുടേയും ഇടവകക ളുടേയും ആശ്രമങ്ങളുടേയും മഠങ്ങളുടേയും കുടുംബങ്ങളുടേയും വ്യക്തികളുടേയും സുഹൃത്തുക്കളുടേയും ഔദാര്യപൂർണമായ സഹക രണം പ്രതീക്ഷിക്കുന്നു.

സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലി യോസ് ക്ലീമിസ് കാതോലിക്കാബാവായും നമ്മുടെ പിതാക്കന്മാരും, ആദര ണീയരായ ആരോഗ്യമന്ത്രി ശ്രീ. അടൂർ പ്രകാശ്, ശ്രി. ആന്റോ ആന്റണി എം.പി., ശ്രി. ശിവദാസൻ നായർ എം. എൽ. എ. തുടങ്ങിയവർ നാമഹേതു കതിരുനാളാഘോഷത്തിൽ സംബന്ധിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

വന്ദ്യപിതാവിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ചുകൊണ്ടിരി ക്കുന്ന വലിയ നന്മകളോർത്ത് ദൈവത്തിന് നന്ദിപറയാം. വന്ദ്യപിതാ വിന്റെ ശ്രേഷ്ഠമായ നേതൃത്വ ശുശ്രൂഷകളെ നമ്മുടെ പ്രാർത്ഥനയിലൂടെ യും ആത്മാർത്ഥമായ സഹകരണത്തിലൂടെയും ബലപ്പെടുത്തുകയും ചെയ്യാം.

കർത്താവിൽ സ്നേഹപൂർവം,

**മോൺ. ജോസ് ചാമക്കാലായിൽ**

**മുഖ്യ വികാരി ജനറാൾ, പത്തനംതിട്ട ഭദ്രാസനം**

## സപ്തതി നിറവിൽ

**റാന്നി–പെരുനാട് വൈദികജില്ലാ വികാരി പെരിയ ബഹുമാനപ്പെട്ട ജോർജ് ജേക്കബ് കിഴക്കേവിള അച്ചൻ 2011 ഒക്ടോബർ 23 ന് 70 വയസ് പൂർത്തിയാക്കി. ബഹുമാനപ്പെട്ട അച്ചന് പത്തനംതിട്ട രൂപതയുടെ ആശംസകൾ...**

# അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ നാമഹേതുകതിരുനാൾ 2011

പത്തനംതിട്ട രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ നാമഹേതുകത്തിരുനാൾ നവംബർ 12 ആഘോഷിക്കുന്നു. തിരുനാൾ ദിവസം അഭിവന്ദ്യ പിതാവിന് ആശംസകൾ അർപ്പിക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

**Nov. 13 Sunday (ഞായർ ഉച്ചയ്ക്ക് ശേഷം 2.30 മുതൽ)**

| | |
|---|---|
| 2.30-2.40 | Rt. Rev. Kurishumala Mathews Ramban, Fr. Ettikalayil, Fr. Mathew Neriyattil [Kochukulam, Perunad, Thonikadavu, Maniyar] |
| 2.40-2.50 | Fr. Philipose Nadamala, Fr. Michael, Fr. Ignatius [Angamoozhy, Laha, Kottamonpara, Moolakayam, Pampavali] |
| 2.50-3.00 | Fr. A.D. Jose Kalavila [Gurunathanmannu, Seethathode] |
| 3.00-3.10 | Fr. Robin Manakalathu [Vayyattupuzha, Pampini] |
| 3.10-3.20 | Fr. Sam Kuzhipara [Chittar, Amalagiri] |
| 3.20-3.30 | Fr. Erattapulickal Joseph, Fr. Josy [Vadasserikkara, Thekemala] |
| 3.30-3.40 | Fr. Tom OFM & Fr. Thomas OFM [Puthusserimala, Uthimood, Thottamon] |
| 3.40-3.50 | Fr. Sebastian Kizhakkethil [Mannarakulanji, Ponnambu, Vadakkupuram] |
| 3.50-4.00 | Fr. Samuel Charivuparambil [Mekozhoor, Kumplampoika, Puthukkulam] |

| | |
|---|---|
| 4.00-4.10 | Fr. George Jacob Kizhakkethil, [Mylapra] |
| 4.10-4.20 | Fr. George Varghese Puthuparambil [Marigiri, Thonniyamala] |
| 4.20-4.30 | Fr. Kuruvila OIC & Fr. Thomas George OIC [Kumbazha, Valamchuzhy, Poonkavu, Kizhavalloor] |
| 4.30-4.40 | Fr. John Thundyath [Pathanamthitta] |
| 4.40-4.50 | Fr. Benny Narakathinal & Fr. Thomas Ponmelil [Elanthoor, Pulinthitta] |
| 4.50-5.00 | Fr. Abraham Mannil, [Kadamminatta, Valiyayanthi] |
| 5.00-5.10 | Fr. Geevarghese Madamannil [Naranganam, Karimpekal] |
| 5.10-5.20 | Fr. Varghese Vilayil, [Erathumpamon, Pampumala] |
| 5.20-5.30 | Fr. Varghese Chamakalayil[Vazhamuttom, Attarikom] |

**Nov. 14 Monday**

| | |
|---|---|
| 8.30-8.40 | Fr. Geevarghese Chediyath [Omalloor] |
| 8.40-8.50 | Fr. Mathew Madapallil [Cheekanal] |
| 8.50-9.00 | Cor.Epi. Mathew Ponmelil, Fr. Chakkuledath [Kattoor] |
| 9.00-9.10 | Fr. Nilakal Thekethil Paul [Keekozhoor, Vayalathala] |
| 9.10-9.20 | Fr. Christy Thevallil [Oonnukal] |
| 9.20-9.30 | Fr. Varghese Samuel Kizhakevila [Puthenpeedika] |
| 9.30-9.40 | Fr. Varghese Kaithon [Thottupuram,Prakanam] |
| 9.40-9.50 | Fr. Vavolimepurathu [Chandanappally, Angadical] |
| 9.50-10.00 | Fr. Augustin Pulimuttathu, Fr. Abraham Meppurath [Vakayar, Anjilikunnu, Elappupara, Muthupezhumkal] |
| 10.00-10.10 | Fr. Kaleeckal Philip, Fr. Varghese Cheenivila [Athumpumkulam, Avolikuzhy,Carmala] |
| 10.10-10.20 | Fr. George Puthenvila [Attachakal, Chengara] |

| | |
|---|---|
| 10.20-10.30 | Fr. Sleebadas [Thatta, Kaipattoor] |
| 10.30-10.40 | Fr. Johnson Parackal [Pandalam, Paranthal] |
| 10.40-10.50 | Fr. Joshuva Thazhathethil [Karakad] |
| 10.50-11.00 | Fr. Joseph Thadathil [Ramanchira, Muttathukonam] |
| 3.00-3.10 | Fr. Zackarias Nediyakalayil [Ullannoor, Mezhuveli East] |
| 3.10-3.20 | Fr. Joseph Thundiyoozhathil [Aranmula, Kurichimuttam, Mezhuveli W] |
| 3.20-3.30 | Fr. Joseph Kurumpileth [Thumpamon, Kurampala] |
| 3.30-3.40 | Fr. James Elenjikal [Kalleli, Oottupara] |
| 3.40-3.50 | Fr. Martin [Kokathode, Kallelithottam] |
| 3.50-4.00 | Fr. Kayyalackal [Koodal] |
| 4.00-4.10 | Fr. John G Vadakkepuram [Konni, Lakkoor] |
| 4.10-4.20 | Fr. Varghese Kuthineth [Athirumkal,Murinjakal] |
| 4.20-4.30 | Fr. John Kuttiyil [Nedumankavu] |
| 4.30-4.40 | Fr. Geevarghese Perumala [V.Kottayam] |
| 4.40-4.50 | Fr. Mathew Puthuparambil [Thannithode, Elimullumplakal] |
| 4.50-5.00 | Fr. Jossy Chirayath [Thekkuthode, Manneera, Karimanthode] |
| 6.00-6.10 | Fr. Mathew Puthenpurayil [Anandappally, Pongalady] |
| 6.10-6.20 | Fr. Pushpavilasam [Kulanada, Ulanadu] |
| 6.20-6.30 | Fr. Anto Kannamkulam [Konnithazham, Mulanthara] |

**Nov. 15 Tuesday**

**SIC Sisters**
1. Angamoozhy
2. Chandanappally
3. Elanthoor
4. Kadammainitta
5. Mylapra
6. Oottupara
7. Perunad
8. Puthenpeedika
9. Thatta
10. Ullannoor
11. Vadasserikkara
12. Vakayar
13. Seethathode
14. Pathanamthitta

**DM Sisters**
1. Thannithode
2. Athirumkal
3. Carmala
4. Karackad
5. Thumpamon

**Vincentian Sisters**
1. Pathanamthitta

**Snehagiri Sisters**
1. Lakkoor

**Gethasemane Sisters**
1. Thekkemala
2. Manjanikkara

**Bethany Fathers**

**Bethany Sisters**

**Schools**
1. ITI, Mylapra

**High Schools**
1. S.H. Myalapra
2. Omalloor
3. Thannithode
4. Angamoozhy

**ITC**
1. Seethathode Mar Ivanios
2. Chandanappally Mar Baselios

**Unaided Schools**
1. Mount Bethany School, Mylapra
2. Mount Bethany School, Kumbazha
3. All Saint's School, Adoor
4. Vidhya Bhavan, Carmala
5. Higher Secondary School, Mylapra
6. LPS, Omalloor
7. Central School, Vadasserikkara
8. LPS, Thannithode
9. St. Peters Nursery School, Pathanamthitta

**Upper Primary Schools**
1. St. Thomas UPS Perunad
2. MSc UPS Kottamonpara
3. MSC UPS Thonyamala
4. St. Thomas UPS Vakayar

**LPSchools**
1. Konnithazham
2. Vettoor
3. Mannarakulanji
4. Mylapra
5. Nannuvakkade
6. Nariyapuram
7. Puthenpeedika
8. Thumpamon
9. Ulanad
10. Ullannoor
11. Pongalady
12. Valiyayanthi

**Book Stall**
1. St. Peter's
2. Bethany p

# ദൈവകൃപയുടെ ഒരു വർഷം കൂടി

*- ഫാ. തോമസ് പണിക്കർ*

ആരാധനക്രമ വത്സരം സമൃദ്ധമായ ദൈവകൃപയുടെ അവസരമാണ്. ദൈവത്തിന്റെ ആത്മാവു മുഖാന്തിരം ഏശയ്യാ പ്രവാചകൻ പ്രഘോഷിച്ച കർത്താവിന്റെ കൃപാവത്സരമാണത് (ഏശ 61:2). കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാനാണ് ക്രിസ്തു ഈ ലോകത്തിലേക്കു വന്നത് (ലൂക്കോ 4:18-19). സങ്കീർത്തകൻ പറയുന്നതുപോലെ, സംവത്സരത്തെ അവിടുന്ന് സമൃദ്ധികൊണ്ടു മകുടം ചാർത്തുന്നു (സങ്കീ 65:11). കാലത്തിനതീതനായവൻ കാലചക്രത്തിൽ ജനിച്ചത് താൻവഴി നമ്മെ ദൈവത്തോടു രമ്യപ്പെടുത്താനാണ് (2 കോരി 5:18). നിത്യനായ പുത്രന്റെ ഈ രഹസ്യത്തിന്റെ ആഘോഷമാണ് ആരാധനക്രമം. രക്ഷാകരചരിത്രത്തെ ഓരോകാലത്തും ഓരോസ്ഥലത്തും ജീവിക്കുന്ന ദൈവജനത്തിനു അനുഭവവേദ്യമാക്കത്തക്കവിധം അവതരിപ്പിക്കുന്ന അടയാളമാണ് ആരാധനക്രമ വത്സരം.

ഒരു വർഷത്തെ വിവിധ കാലങ്ങളായി തിരിച്ച് ഓരോ കാലത്തും രക്ഷാകര ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളെ അനുസ്മരിച്ച് ധ്യാനിക്കുവാനും അവ നല്കുന്ന സന്ദേശങ്ങളെ ജീവിതത്തിൽ പകർത്തുവാനും ഉതകുന്ന തരത്തിലുള്ള അതിന്റെ സംവിധാനത്തെയാണ് ആരാധനാവത്സരം എന്നു വിളിക്കുന്നത്. നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ അനുസ്മരിക്കുന്നതിനും ആ ജീവിതമാതൃക അനുകരിച്ചുകൊണ്ട് നമ്മുടെ ക്രിസ്തീയ ജീവിതം നയിക്കുന്നതിനു വത്സരചക്രം സഹായിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനക്രമവത്സരത്തെപ്പറ്റി ഇപ്രകാരം പഠിപ്പിക്കുന്നു.

ക്രിസ്തുവിന്റെ മനുഷ്യാവതാരവും ജനനവും തുടങ്ങി...... കർത്താവിന്റെ ദ്വിതീയാഗമനം മുതലായ എല്ലാ സംഭവങ്ങളിലുമുള്ള അവിടത്തെ ദിവ്യരഹസ്യങ്ങൾ മുഴുവൻ ഒരാണ്ടുവട്ടത്തിൽ തിരുസഭ വിശദീകരിക്കുന്നു. ഇപ്രകാരം രക്ഷണീയരഹസ്യങ്ങൾ അനുസ്മരിച്ചുകൊണ്ട് തിരുസഭ തന്റെ നാഥന്റെ ശക്തിയുടെയും യോഗ്യതകളുടെയും അനർഘനിക്ഷേപങ്ങൾ വിശ്വാസികൾക്കു തുറന്നുകൊടുക്കുന്നു. (ആരാധനക്രമം 102)

**ആരാധനക്രമവത്സരത്തിന്റെ ക്രമീകരണം**

വർഷങ്ങൾ പലവിധത്തിൽ കണക്കുകൂട്ടാറുണ്ട്. ഇംഗ്ലീഷ് വർഷം ജനുവരിയിൽ ആരംഭിച്ച് ഡിസംബറിൽ അവസാനിക്കുന്നു. ചിങ്ങത്തിൽ ആരംഭിച്ച് കർക്കടകത്തിൽ അവസാനിക്കുന്നതാണ് മലയാളവർഷം. സാമ്പത്തികവർഷം ഏപ്രിലിൽ ആരംഭിച്ച് മാർച്ചിൽ അവസാനിക്കുന്നു. ആരാധനക്രമവത്സരം ക്രമീകരിക്കുന്നത് വേറൊരു വിധത്തിലാണ്. സാധാരണയായി ഭൂമി സൂര്യനെ ഒരു തവണ ചുറ്റിത്തിരിയുന്ന കാലയളവിനെയാണ് ഒരുവർഷമെന്നു പറയുക. അതുപോലെ, തിരുസഭ നീതിസൂര്യനായ ക്രിസ്തുവിനെ ഒരുതവണ ചുറ്റിത്തിരിയുന്ന കാലയളവാണ് ആരാധനക്രമവർഷം. ഭൂമി സൂര്യനെ നോക്കി അതിനുചുറ്റും തിരിയുന്നത്

സൂര്യനിൽനിന്ന് ചൂടും പ്രകാശവും സ്വീകരിക്കാനാണ്. ഭൂമിയിൽ ജീവജാലങ്ങൾ നിലനിൽക്കുന്നത് സൂര്യനിൽനിന്ന് ഊർജ്ജം സ്വീകരിക്കുന്നതുകൊണ്ടാണ്. അതുപോലെ, ക്രിസ്തുവിൽനിന്ന് ജീവൻ സ്വീകരിച്ചാണ് ദൈവജനം ആത്മീകമായി വളരുന്നത്. സൂര്യനിൽനിന്ന് നേരിട്ടല്ല മനുഷ്യർ ചൂടും വെളിച്ചവും സ്വീകരിക്കുന്നത്. മറിച്ച് സസ്യങ്ങളിൽ നടക്കുന്ന പ്രകാശ സംശ്ലേഷണം (Photosynthesis) എന്ന അത്ഭുതകരമായ പ്രതിഭാസത്തിലൂടെയാണ് മനുഷ്യർ സൂര്യന്റെ ചൂടും വെളിച്ചവും സ്വീകരിക്കുന്നത്. അപ്രകാരം, വിശ്വാസികൾ സഭയിലെ കൂദാശകളിലൂടെയാണ് ക്രിസ്തുവിന്റെ ജീവൻ പ്രാപിക്കുന്നത്. ഇതാണ് ദൈവം നിശ്ചയിച്ചിരിക്കുന്ന രക്ഷാകരപദ്ധതി. ജലപ്രളയത്തിൽനിന്ന് രക്ഷപെടാൻ പെട്ടകത്തിൽ പ്രവേശിക്കണമായിരുന്നു. രക്ഷപ്രാപിക്കാൻ എല്ലാവരും സഭയിൽ പ്രവേശിക്കണം.

കർത്താതന്നൊടു സംസാരിക്കേണ്ടുന്നവരെല്ലാം
സഭയുൾ പൂകട്ടെയിതാ താനതിൽ മേവീടുന്നു

ഈ സംവിധാനത്തിന്റെ ഭാഗമാണ് ആരാധനക്രമ വത്സരക്രമീകരണം. മണവാളനായ ക്രിസ്തുവുമായുള്ള വിവാഹത്തിന് അണിഞ്ഞൊരുങ്ങുന്ന മണവാട്ടിയാണ് സഭ. വിവാഹ വിരുന്നിനായുള്ള ഒരുക്കമാണ് ആരാധനക്രമവത്സരത്തിൽ നടക്കുന്നത്. വി. പൗലോസ് സഭയെ മണവാട്ടിയായും ക്രിസ്തുവിനെ മണവാളനായും ചിത്രീകരിക്കുന്നതും (എഫേ 5:23-32) കുഞ്ഞാടിന്റെ വിവാഹത്തോടുകൂടി സകലവും പര്യവസാനിക്കുന്നതായ വി.യോഹന്നാന്റെ ദർശനവും (വെളി 19:6-7) ഇത് വ്യക്തമാക്കുന്നു.

മിശിഹാ തൻ മണവാട്ടി ആയീടും ശുദ്ധസഭ
ഭാഗ്യങ്ങൾ പൂർണ്ണമതാം പറുദീസാ സദൃശ്യമഹോ

മലങ്കരസഭയുടെ ആരാധനക്രമവത്സരം ആരംഭിക്കുന്നത് കൂദോശ് ഈത്തൊ ഞായറാഴ്ചയാണ്. സഭയുടെ വിശുദ്ധീകരണം എന്നാണ് ഈ സുറിയാനി വാക്കിന്റെ അർത്ഥം. ഒക്ടോബർ 30 അല്ലെങ്കിൽ 31 ഞായറാഴ്ച ആണെങ്കിൽ അന്നാണ് കൂദോശ് ഈത്തൊ. അല്ലെങ്കിൽ നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ചയാണ് കൂദോശ് ഈത്തൊ. സൂബോറൊ (അറിയിപ്പ്) കാലത്ത് 7 ഞായറാഴ്ചകൾ ഉണ്ടായിരിക്കാൻ വേണ്ടിയാണിത്.

**ആരാധനക്രമവത്സരത്തിലെ ഏഴു കാലങ്ങൾ**

ജ്ഞാനം തന്റെ ഭവനം പണിയുകയും ഏഴു തൂണുകൾ നാട്ടുകയും ചെയ്തിരിക്കുന്നു (സുഭാ 9:1). ഏഴ് പൂർണ്ണതയുടെ പ്രതീകമാണ്. മലങ്കരസഭയുടെ ആരാധനക്രമവത്സരവും ഏകദേശം ഏഴ് ആഴ്ചകൾ വീതമുള്ള ഏഴു കാലങ്ങളായി വിഭജിച്ചിരിക്കുന്നു. ഈ ഏഴു കാലങ്ങൾ കൃഷിയുടെ ഏഴു ഘട്ടങ്ങളോടു താരതമ്യപ്പെടുത്താവുന്നതാണ് (1 കോരി 3:6-9).

1. സൂബോറൊക്കാലം - വിത്ത് വിതയ്ക്കൽ
2. യൽദാ ദനഹാക്കാലം - മുളയ്ക്കുക
3. നോമ്പുകാലം - നനയ്ക്കലും വളമിടലും
4. ക്യംതാക്കാലം - കതിര്
5. പെന്തിക്കൊസ്തിക്കാലം - കൊയ്ത്ത്
6. തേജസ്ക്കരണകാലം - ശേഖരണം
7. സ്ലീബാക്കാലം - പാചകവും ഭക്ഷിക്കലും

# ഭദ്രാസന വാർത്തകൾ

## വൈദികസമിതി സമ്മേളനം

21 അംഗങ്ങൾ ഉൾപ്പെട്ട പത്തനംതിട്ട രൂപതയുടെ വൈദികസമിതി (പ്രസ്ബിറ്ററൽ കൗൺസിൽ) യുടെ രണ്ടാമത്തെ മീറ്റിംഗ് ഒക്ടോബർ 22ന് ബിഷപ്സ് ഹൗസിൽ നടന്നു. അഭിവന്ദ്യപിതാവ് അദ്ധ്യക്ഷത വഹിക്കുകയും ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു. 2012 ലെ പുനരൈക്യവാർഷികവും കത്തീഡ്രൽകൂദാശയും കാർമല പാലിയേറ്റീവ് കെയർ യൂണിറ്റ്, ദൈവവിളിപ്രോത്സാഹനം, രൂപതാപ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരണം, ഇടവകഭരണപൊതു നിബന്ധനകൾ, വൈദികസമിതിയുടെ നിയമാവലി എന്നീ വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകളും വിശദീരണങ്ങളും പ്രധനമായും അജണ്ടയിലുണ്ടായിരുന്നത്. ഫാ. സഖറിയാസ് കൊച്ചുമുരുപ്പേൽ യൂത്ത് മിനിസ്ട്രിയെപ്പറ്റി സംസാരിച്ചു.

## പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

പത്തനംതിട്ട രൂപത പാസ്റ്ററൽ കൗൺസിലിന്റെ യോഗം ഒക്ടോബർ 22 ശനിയാഴ്ച സെന്റ് പീറ്റേഴ്സ് ചർച്ചിൽ വച്ച് രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ നടന്നു. യോഗത്തിൽ വിവിധ വിഷയങ്ങളെപ്പറ്റി ചർച്ചചെയ്ത് തീരുമാനമെടുത്തു. മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ അസംബ്ലിയെപ്പറ്റി വിലയിരുത്തി അസംബ്ലി വിജയിപ്പിച്ചവർക്ക് അഭിവന്ദ്യ പിതാവ് ആമുഖ പ്രസംഗത്തിൽ അഭിനന്ദനം അറിയിച്ചു. രൂപതാകത്തീഡ്രലിന്റെ നിർമാണ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. കത്തീഡ്രൽ നിർമാണം പൂർത്തിയാക്കാനായി ഓരോ ഇടവകകളിൽ നിന്നും സന്നദ്ധ വ്യക്തികളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാൻ കൗൺസിൽ തീരുമാനിച്ചു.

സഭാസിനഡിന്റെ നിർദേശപ്രകാരം 2012 ലെ പുനരൈക്യവാർഷികം പത്തനംതിട്ടയിൽ വച്ച് നടത്താമെന്ന് യോഗം ഐക്യകണ്ഠേനെ അംഗീകരിച്ചും കത്തീഡ്രലിന്റെ കൂദാശയും അതിനോടനുബന്ധിച്ച് നടത്താൻ തീരുമാനിച്ചു. പാവപ്പെട്ട വൃദ്ധരെ സഹായിക്കുന്നതിനുവേണ്ടി കോന്നി കാർമലയിൽ ഒരു പാലിയേറ്റീവ് കെയർ തുടങ്ങണമെന്നും അതിന്റെ സംഘടനാ ചുമതല എം.സി.എ. പത്തനംതിട്ട രൂപതാസമിതിയെ ഏൽപ്പിക്കാനും തീരുമാനിച്ചു. അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളിൽ സമാഹരിക്കുന്ന രൂപതാ ചാരിറ്റി ഫണ്ട് അതിനായി ഉപയോഗിക്കുമെന്ന് പിതാവ് അറിയിച്ചു. ദൈവവിളി കുറയുന്നതിനെപ്പറ്റി യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനായി വൈദികരിൽ നിന്നും സന്ന്യസ്ഥരിൽ നിന്നും വൊക്കേഷൻ പ്രമോട്ടർ മാരെ നിയമിക്കാൻ തീരുമാനിച്ചു.ഏത് സന്ന്യാസ സമൂഹത്തിലും രൂപതയിലും ചേർന്ന് ദൈവവിളി സ്വീകരിക്കാൻ അവകാശമുണ്ട് എന്നാൽ അത് രൂപതാനേതൃത്വം കൂടി അറിഞ്ഞായിരിക്കണമെന്നും യോഗം താത്പര്യപ്പെട്ടു. രൂപതയിലെ നിർമാണ പ്രവർത്തനങ്ങളെപ്പറ്റി തിരുമേനിയും വികാരി ജനറാൾ മാരും വിശദീകരണങ്ങൾ നൽകി.

## വൈദികരുടെ വാർഷികധ്യാനം

പത്തനംതിട്ട രൂപതയിലെ വൈദികരുടെ വാർഷികധ്യാനം ഒക്ടോബർ 31 മുതൽ നവബർ 4 വരെ തിരുവല്ലാ ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെട്ടു. ബഹു. ജോമോൻ കൊച്ചു കണ്ണായാംപറമ്പിൽ എം.സി.ബി.എസ്. അച്ചൻ ധ്യാനത്തിന് നേതൃത്വം നൽകി.

## ട്രസ്റ്റി – സെക്രട്ടറി സംഗമം

പത്തനംതിട്ട ഭദ്രാസനത്തിലെ ട്രസ്റ്റിമാരുടെയും സെക്രട്ടറിമാരുടെയും സമ്മേളനം ഒക്ടോബർ 16 ന് ഉച്ചക്ക് 3 ന് അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ അദ്ധ്യക്ഷതയിൽ പത്തനംതിട്ട കത്തീഡ്രലിൽ നടന്നു. ഇടവകയുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന്റെ ആവശ്യകതയെകുറിച്ച് ഓഡിറ്റ് ചെയ്ത് അരമനയിൽ സസമർപിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് രൂപതയുടെ ഓഡിറ്റിർ ശ്രീ. വർഗീസ് ക്ലാസെടുത്തു. നമ്മുടെ എല്ലാ ഇടവകകളും കണക്കുകൾ ഒരുപോലെ എഴുതി സൂക്ഷിക്കേണ്ടതിന് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി. സാമ്പത്തിക കാര്യങ്ങളെ കുറിച്ച് പ്രൊക്കുറേറ്റർ ചുരുക്കി വിവരിച്ചു. ഇടവകവികാരി മാരും മീറ്റിംഗിൽ സംബന്ധിച്ചു.

## വൈദികപട്ടം സ്വീകരിച്ചു

പത്തനംതിട്ട രൂപതക്കുവേണ്ടി ബിനോയി മാത്യു പുതുപ്പറമ്പിൽ അച്ചൻ മാതൃദേവാലയമായ കടമ്മനിട്ട മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായിൽ നിന്ന് ഒക്ടോബർ ഒന്നിന് വൈദികപട്ടം സ്വീകരിച്ചു. രണ്ടാം തീയതി പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു.

## വൈദികപട്ടം സ്വീകരണം

പത്തനംതിട്ട രൂപതയിൽ നിന്ന് നാല് ശെമ്മാശന്മാർ ബഥനി സന്ന്യസ സമൂഹത്തിനുവേണ്ടി പുന്നമൂട് ബഥനി ആനിമേഷൻ സെന്ററിൽ വച്ച് നവംബർ 21 ന് അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ അവരവരുടെ മാതൃദേവാലയങ്ങളിൽ പ്രഥമ ദിവ്യബലി അർപ്പിക്കും. പത്തനംതിട്ട രൂപതയുടെ പ്രാർത്ഥനാശംസകൾ. പ്രഥമദിവ്യബലി അർപ്പണത്തിന്റെ സമയക്രമം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഡീക്കൻ ബിജിലി തോമസ് | പമ്പാവാലി | നവംബർ 23 |
| ഡീക്കൻ ജെയ്സൺ ബ്രിട്ടോ | മുതുപേഴുങ്കൽ | നവംബർ 23 |
| ഡീക്കൻ എബ്രഹാം | തോന്നിയാമല | നവംബർ 25 |
| ഷോബി മാത്യു | ചിറ്റാർ | നവംബർ 25 |

## ശെമ്മാശപട്ടം സ്വീകരണം

പത്തനംതിട്ട രൂപതയ്ക്കവേണ്ടി റോമിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ ബ്രദർ ജോഷ്വ മാവേലിൽ നവംബർ 5 ന് അഭിവന്ദ്യ ക്രിസോസ്റ്റം മെത്രാപ്പോലീത്തായിൽ നിന്ന് കത്തീഡൽ വച്ച് ശെമ്മാശപട്ടം സ്വീകരിക്കുന്നു. ബ്രദറിന് പത്തനംതിട്ട രൂപതയുടെ പ്രാർത്ഥനാശംസകൾ.

## Eparchial Marriage Tribunal News

| Prot.No. | Petitioner/Respondent | Decision | Date |
|---|---|---|---|
| ETPTA 06/11 | Mathewkutty/Pennamma | Affirmative | 08.10.2011 |
| ETPTA 07/11 | Immanuel/Theyyamma | Affirmative | 08.10.2011 |
| ETPTA 08/11 | C.P.Yohannan/Aleyamma | Affirmative | 10.10.2011 |
| ETPTA 17/11 | Fernandes/Lissy | Affirmative | 27.10.2011 |
| ETPTA 18/11 | Abraham Koshy/Annamma | Affirmative | 31.10.2011 |

## വിവാഹ സഹായനിധി

വിവാഹപ്രായം കഴിഞ്ഞിട്ടും സാമ്പത്തിക സുസ്ഥിതി ഇല്ലാത്തതിനാൽ വിവാഹം കഴിക്കാൻ സാധിക്കാത്ത പാവപ്പെട്ട പെൺകുട്ടികളെ സഹായിക്കാൻ അഭിവന്ദ്യപിതാവ് ആഗ്രഹിക്കുന്നു. ഇലന്തൂർ ചാമക്കാലായിൽ ശ്രീ. രാജുവിന്റെ സഹകരണത്തോടുകൂടി 15 പെൺകുട്ടികൾക്കാണ് സഹായം ചെയ്യാൻ ആഗ്രഹിക്കുന്നത്. 2011 ഒക്ടോബർ മുതൽ ഡിസംബർ വരെ കാലയളവിൽ നമ്മുടെ വൈദികർ ശുപാർശചെയ്യുന്നവർക്കായിരിക്കും ഈ സഹായം ലഭിക്കുക. നാല് വൈദികജില്ലയിലെ മൂന്ന് പെൺകുട്ടികൾക്ക് വീതവും ഉപജില്ലയിലെ ഒരു പെൺകുട്ടിക്കും. ഒരു അകത്തോലിക്കാ പെൺകുട്ടിക്കും ഒരു അക്രൈസ്തവ പെൺകുട്ടിക്കുമാണ് സഹായം നൽകുവാൻ ആഗ്രഹിക്കുന്നത്.

## വിദ്യാഭ്യാസ സഹായനിധി

പാവപ്പെട്ട വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസത്തിനായി സഹായിക്കുന്നതിനായി അഭിവന്ദ്യ പിതാവ് നൽകുന്ന സഹായനിധി പിതാവിന്റെ നാമഹേതുക തിരുനാളിനോട് അനുബന്ധിച്ച് നൽകുന്നു. കഴിഞ്ഞ വർഷം സഹായം ലഭിച്ച നാല് പേർക്ക് ഈ വർഷവും സഹായം നൽകുന്നു. അതോടൊപ്പം 10 പുതിയ കുട്ടികളെ കൂടി ഇതിലേക്ക് ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു,

**I) Pandalam Dt.**

**1. Alex Mathew (Engg.)**
S/o. K.T. Mathew & Lizy
Kochuvadakkethil House
Pongalady, Paranthal P.O,
Pandalam

**2. Jossy Joy (Nurs.)**
D/o.Joy
Poothakuzhy House
Karakkad, Manthuka P.O
Kulanada, Pandalam

**II) Konny Dt.**

**1. Joemon K. James (Engg.)**
S/o. James K.P & Molly
Kumaramparambil House
Kizhavalloor

**2. Jisha Baby (Nurs.)**
D/o. Baby & Ashy Baby
Thiruvallamuruppel House
Koodal

**III) Pathanamthitta Dt.**

1. **Subin (Engg.)**
   S/o. Sunil K. Mathew
   Valiyakochathu House
   Elanthur East P.O,
   Pathanamthitta

2. **Liza Syllus (Nurs.)**
   D/o. Syllus
   Vallikalayil House
   Keekozhoor P.O,
   Pathanamthitta

**IV) R-Perunad Dt.**

1. **Tobit Jithu Joseph (Engg.)**
   S/o. Joseph
   Vazhapilleth House
   Vadasserikkara

2. **Jency Varghese (Nurs.)**
   S/o. Joseph
   Vazhapilleth House
   Vadasserikkara

**V. Seethathodu Sub Dt.**

1. Siji P. John(Nurs.)
   D/o John
   Pannivizha,
   Kodumudi,
   Chittar

**Common**

2. **Jessymol (Nurs.)**
   D/o. Fernandes
   Modiyil House
   Nellikapara,
   Kokkathode

**2nd Installment**

1. **Sonu Thomas**
   D/o.Mr. P.T. Thomas
   Pullolockal Veedu
   Thottupuram
   Pathanamthitta

2. **Neji**
   D/o. Mrs. Amminikutty
   Neji Bhavan
   Paranthat P.O
   Pandalam

3. **Lini Thomas**
   D/o. Mr. Thomas
   Vadakkethil House
   MylapraP.O
   Pathanamthitta
   (R-PerunadJ)

4. **Siji Shaji**
   D/o. ShajiJ
   Modiyil House
   Athriumkal P.O
   Konny

## കുര്യാക്കോസ് മാർ ക്ലീമീസ് പിതാവന് സ്വീകരണം

മലങ്കര ഓർത്തഡോക്സ് സഭ തുമ്പമൺ ഭദ്രാസനത്തിന്റെ അധ്യക്ഷൻ അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്ത പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ക്രിസോസ്റ്റം മെത്രാപ്പോലീത്തയെ സന്ദർശിച്ചു. പത്തനംതിട്ടയുടെ ആത്മീയ അഭിവൃദ്ധിക്ക് ആവശ്യമായ കാര്യങ്ങളെകുറിച്ച് ദീർഘനേരം ചർച്ചചെയ്തു.

### ശാലോം പ്രിന്റേഴ്സ്

പത്തനംതിട്ട രൂപതയുടെ ആഭിമുഖ്യത്തിൽ ശാലോം പ്രിന്റേഴ്സ് ആന്റ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം കത്തീഡ്രൽ ദൈവാലയത്തോട് അനുബന്ധിച്ചുള്ള കെട്ടടത്തിൽ പ്രവർത്തനം ആരംഭിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ ദിവസം (നവംബർ 12) ഉദ്ഘാടനം ചെയ്യപ്പെടുന്നു. നമ്മുടെ എല്ലാ ഇടവകകളിലെയും പ്രിന്റിംഗ് ജോലികൾ ഈ സ്ഥാപനത്തിലൂടെ ചെയ്യുന്നതിനുള്ള സൗകര്യമാണ് ഇതിലൂടെ ലഭിക്കുന്നത്.

### ഡയബറ്റിക് ക്ലിനിക്ക്

പുത്തൻപീടിക സെന്റ് തോമസ് മലങ്കര കത്തോലിക്കാപ്പള്ളിയിൽ പ്രമേഹരോഗികൾക്കായി ക്ലിനിക്ക് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. എല്ലാ മാസത്തിലെയും അവസാനത്തെ വെള്ളിയാഴ്ച്ച രാവിലെ 9 മുതൽ 1 മണി വരെ ക്ലിനിക്ക് പ്രവർത്തിക്കും. തിരുവനന്തപുരം സെന്റ് വിൻസന്റ് ഡയബറ്റിക് സെന്ററിന്റെയും ഹോളിഫാമിലി ചാരിറ്റബൾ ട്രസ്റ്റിന്റെയും ആഭിമുഖ്യത്തിലാണ് ക്ലിനിക്ക് പ്രവർത്തിക്കുന്നത്.

### എക്സൊഡോസ് – 2011

തിരുവനന്തപുരം മലങ്കര സെമിനാരിയിലെ വിദ്യാർത്ഥികളുടെ പരിശീലനത്തിന്റ ഭാഗമായി ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ പരിശീലനത്തിന്റെ ഭാഗമായി പത്തനംതിട്ട രൂപതയിൽ എത്തി പുത്തൻപീടിക ഇടവകയിൽ താമസിച്ച് രാവിലെ ചീക്കനാൽ ആശ്വാസഭവനിൽ എത്തി അന്തേവാസികളോടൊപ്പം ചിലവഴിക്കുകയും ഉച്ചയ്ക്ക്ശേഷം ഭവനസന്ദർശനങ്ങൾ നടത്തുകയും ചെയ്തു. 30 ന് വിശുദ്ധകുർബാനയ്ക്ക് ശേഷം ജപമാലപ്രദക്ഷിണത്തിൽ പങ്കുചേരുകയും വാർഡ് പ്രാർത്ഥനകളിൽ സംബന്ധിക്കുകയും ചെയ്തു.

## വിശ്വാസപരിശീലന കാര്യാലയം

### ഒന്നാം സെമസ്റ്റർ പരീക്ഷ

വിശ്വാസപരിശീലന ക്ലാസുകളിലെ ഒന്നാം സെമിസ്റ്റർ പരീക്ഷ അതാത് ഇടവകകളിൽ വച്ച് നവംബർ 6 ന് ഉച്ചയ്ക്ക് 2 മുതൽ 4 വരെ അതാത് ഇടവകകളിൽ നടത്തപ്പെടുന്നു.

### സർഗോത്സവം 2011

രൂപതാതലത്തിൽ സർഗോത്സവം ഡിസംബർ 5 ന് മൈലപ്ര സേക്രട്ട് ഹാർട്ട് സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥികളാണ് രൂപതയിൽ മത്സരിക്കുന്നത്. ഒരു വിദ്യാർത്ഥിക്ക് 50 രൂപവീതം രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. 5 ന് രാവിലെ 9 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതും തുടർന്ന് ഉദ്ഘാടനത്തിന് ശേഷം വേദികളിൽ മത്സരം ആരംഭിക്കുന്നതുമാണ്.

# എം. സി. വൈ. എം.

## യുവജനദിനാഘോഷം

എം.സി.വൈ.എം. പത്തനംതിട്ട രൂപതാസമിതിയുടെ അഭിമുഖ്യത്തിൽ യുവജനദിനാഘോഷവും ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണവും ഒക്ടോബർ 9 ന് രാവിലെ 9 മുതൽ ഉള്ളന്നൂർ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. വി. കുർബാനയ്ക്ക് വികാരി ജനറാൾ മോൺ. ചാക്കോ തടത്തിൽ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് നടന്ന സെമിനാറിന് റവ. ഫാ. ഗീവർഗീസ് എഴിയത്ത് നേതൃത്വം നൽകി. തുടർന്ന് നടന്ന യുവജനദിനസമ്മേളനം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. സഭാതല പ്രസിഡന്റ് എജി പറപ്പാട്ട് അധ്യക്ഷത വഹിച്ചു. ഫാ. വർഗീസ് വിളയിൽ അജു തോമസ്, ഫാ. സഖറിയാസ് നെടിയകാലായിൽ തോമസ് മത്തായി, ഷിജോ വർഗീസ്, ബിനോയി മണക്കാട്ട്, പ്രദീപ്, സി. ലീന എന്നിവർ പ്രസംഗിച്ചു.

## അംഗത്വകാർഡ് വിതരണം

പത്തനംതിട്ട രൂപതയുടെ എം.സി.വൈ.എം. അംഗങ്ങൾക്കായുള്ള അംഗത്വകാർഡ് വിതരണം ഒക്ടോബർ 8 ശനിയാഴ്ച ഉപാസന പാസ്റ്ററൽ സെന്ററിൽ വച്ച് സി. ലീന രൂപതാ പ്രസിഡന്റിന് നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് വൈദികജില്ലകൾക്കുള്ള കാർഡുകൾ ജില്ലാ പ്രസിഡന്റുമാർ സ്വീകരിച്ചു.

## യുവോത്സവം 2011

പത്തനംതിട്ട രൂപത എം.സി.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ യുവോത്സവം 2011 എന്ന പേരിൽ കലോത്സവം മൈലപ്ര സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഒക്ടോബർ 26 ന് രാവിലെ 9 മുതൽ നടത്തപ്പെട്ടു. രൂപതാ മുഖ്യവികാരി ജനറാൾ മോൺ. ജോസ് ചാമക്കാലായിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അജു തോമസ് അധ്യക്ഷത വഹിച്ചു. ഫാ. വർഗീസ് വിളയിൽ, കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് അജി ദാനിയേൽ, സി. ലീന, ഷിജോ വി. വർഗീസ്, പ്രീതി ജോർജ്, സ്കോട്ട് സ്ലീബ, സിബി മാമ്മൻ, റിനോയി വർഗീസ്, റെനി രാജ്, വിവേക്, ജസൻ മാത്യു, ജെബി ഡി. ജോൺ എന്നിവർ പ്രസംഗിച്ചു. സമാപനസമ്മേളനം വികാരി ജനറാൾ ചാക്കോ തടത്തിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. തോമസ് എബ്രഹാം ആശംസാപ്രസംഗം നടത്തി. യുവോത്സവത്തിൽ കോന്നി വൈദികജില്ല ഒന്നാം സ്ഥാനം നേടി. റാന്നി പെരുനാട്, പത്തനംതിട്ട വൈദികജില്ലകൾ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി.

## യുവജനധ്യാനവും തിരഞ്ഞെടുപ്പും

രൂപത സമിതിയുടെ നേതൃത്വത്തിൽ യുവജനധ്യാനവും ജില്ലാ തിരഞ്ഞെടുപ്പും നവംബർ 26, ഡിസംബർ 3 എന്നീ ദിവസങ്ങളിൽ വിവിധ വൈദികജില്ലകളിൽ നടത്തപ്പെടുന്നു. ഇതിന് മുമ്പായി യൂണിറ്റ് തിരഞ്ഞെടുപ്പുകൾ നടത്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് ജില്ലാവികാരിക്ക് നൽകേണ്ടതാണ്. യൂണിറ്റിൽ നിന്ന് തിരഞ്ഞെടുക്കുന്ന രണ്ട് സിൻഡിക്കേറ്റ് അംഗങ്ങൾ (ഒരാൾവനിത) ക്കുമാത്രമെ ജില്ലാ ഭാരവാഹിയാകാൻ സാധി

ക്കുകയൊള്ളു. യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, രണ്ട് സിൻഡിക്കേറ്റ് അം ഗങ്ങൾ എന്നിവർക്കു മാത്രമെ ജില്ലാ തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഉ ണ്ടായിരിക്കു. യൂണിറ്റ് തിരഞ്ഞെടുപ്പുകൾ യൂണിറ്റ് ഡയറക്ടർ അച്ചന്മാരു ടെയും ജില്ലാ തിരഞ്ഞെടുപ്പ് ജില്ലാ ഡയറക്ടർ അച്ചന്റെയും നേതൃത്വത്തി ലായിരിക്കും നടക്കുക.

# കുടുംബപ്രേഷിത കാര്യാലയം

## ജപമാലമാസാചരണവും ജപമാലപ്രദിക്ഷണവും

ജപമാലമാസാചരണം എല്ലാ ഇടവകകളിലും ഭക്തിപുരസരം ആചരിച്ചു. രൂപതാനിർദേശം അനുസരിച്ച് ഇടമുറിയാതെയുള്ള ജപമാല പ്രാർത്ഥന നടത്തുവാൻ ഓരോ വികാരിയച്ചന്മാരും നേതൃത്വം നൽകി. ഇ ടവകകളിൽ 31-ാം തീയതി ജപമാലപ്രദിക്ഷണം നടത്തേണ്ടതുകൊണ്ട് രൂ പതയുടെ നേതൃത്വത്തിൽ ജപമാലപ്രദിക്ഷണം 23 ന് നടത്തി. അഭി. രൂപ താധ്യക്ഷന്റെ അനുഗ്രഹപ്രഭാഷണവും കാഞ്ഞിരപ്പള്ളിരൂപത വികാരി ജ നറാൾ മോൺ. ജോസ് പുളിക്കൽ അച്ചന്റെ മുഖ്യസന്ദേശവും കഴിഞ്ഞ് പ ത്തനംതിട്ട കത്തീഡ്രലിൽ നിന്ന് ആരംഭിച്ച പ്രദക്ഷണം പട്ടണത്തെ അനു ഗ്രഹിച്ചുകൊണ്ട് തിരികെ എത്തിച്ചേർന്നു. വി. കുർബാനയുടെ ആശിർവാ ദത്തിനും ലഘുഭക്ഷണത്തിനും ശേഷം വിശ്വാസികൾ തിരികെ പോയി.

## കുടുംബപ്രേഷിതം കമ്മീഷൻ മീറ്റിംഗ്

മലങ്കര സഭയിലെ എല്ലാ രൂപതകളിലേയും കുടുംബപ്രേഷിത കാര്യാലയം ഡയറക്ടർ ആനിമേറ്റർ എന്നിവരുടെ ആദ്യ കമ്മീഷൻ മീറ്റിംഗ് പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തി. കുടുംബപ്രേഷിത കമ്മീ ഷൻ ചെയർമാൻ അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് നേതൃ ത്വം നൽകി. മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാ വ അനുഗ്രഹപ്രഭാഷണം നടത്തി. കമ്മീഷൻ സെക്രട്ടറി പെരിയ ബഹു. ചാക്കോ തടത്തിൽ അച്ചൻ മീറ്റിംഗിന് വേണ്ട ക്രമീകരണങ്ങൾ നടത്തി. സഭാ അസംബ്ലിയുടെ വിഷയങ്ങൾ എല്ലാ രൂപതകളിലും പ്രാവർത്തികമാ ക്കാൻ തീരുമാനമെടുത്ത് പിരിഞ്ഞു.

## വിമൻസ് കമ്മീഷൻ സോണൽ മീറ്റിംഗ്

കോട്ടയം സോണിന്റെ വിമൻസ് കമ്മീഷൻ മീറ്റിംഗ് ഒക്ടോബർ 11 ന് കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടന്നു. സി.ബി.സി.ഐ. യു ടെ ലെൻഡർ പോളിസി യെകുറിച്ച് കെ.സി.ബി.സി. വുമൺസ് കമ്മീഷൻ ജോയിന്റ് സെക്രട്ടറി ക്ലാസെടുത്തു. ഏഴ് രൂപതകളിൽ നിന്നും ഡയറക്ടർ സെക്രട്ടറി എന്നിവർ പങ്കെടുത്തു.

## മാതൃസംഘം രൂപതാപ്രസിഡന്റിന് യാത്രാമംഗളം

കഴിഞ്ഞ ഒന്നര വർഷമായി രൂപതയിലെ മാതൃസംഘത്തെ നയിച്ച ശ്രീമ തി മേരി ജോൺ വിദേശത്തേക്ക് പോകുന്നതുകൊണ്ട് രൂപതാ ഭാരവാഹി കളുടെ നേതൃത്വത്തിൽ യാത്രാമംഗളങ്ങൾ നേർന്നു. ശ്രേഷ്ഠമായ സേവ നത്തിന് രൂപത നന്ദി രേഖപ്പെടുത്തുന്നു.

# എം. സി. എ.

## അർദ്ധവാർഷിക അസംബ്ലി

എം.സി.എ. അർദ്ധവാർഷിക അസംബ്ലിയും നേതൃത്വസംഗമവും ഒക്ടോബർ 1 ന് ഇലന്തൂർ സെൻ പാട്രക് ദൈവാലയത്തിൽ നടന്നു. രൂപതാ വികാരി ജനറാൾ മോൺ. ചാക്കോ തടത്തിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോസഫ് ചെറിയാൻ അധ്യക്ഷത വഹിച്ചു. ആത്മീയ ഉപദേഷ്ടാവ് ഫാ. വർഗീസ് കൂത്തനേത്ത്, ഫാ. ബെന്നി നാരകത്തിനാൽ, തോമസ് തുണ്ടിയത്ത്, വർഗീസ് പുത്തൻകാവ്, പി.കെ. ജോസഫ്, അന്നമ്മ ചാക്കോ എന്നിവർ പ്രസംഗിച്ചു. സാമൂഹ്യനേതൃത്വം ക്രൈസ്തവ ദർശനത്തിൽ എന്ന വിഷയത്തിൽ ഫാ. ദാനിയേൽ പൂവണ്ണത്തിൽ ക്ലാസെടുത്തു.

## ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണം

ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമപെരുന്നാളിനോട് അനുബന്ധിച്ച് ഒക്ടോബർ 9 ന് പത്തനംതിട്ട സെൻ പീറ്റേഴ്സ് കത്തീഡ്രലിൽ വച്ച് അനുസ്മരണ പരിപാടികൾ നടന്നു. മുഖ്യവികാരി ജനറാൾ മോൺ. ജോസ് ചാമക്കാലായിൽ വി. കുർബാന അർപ്പിച്ചു. അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ധൂപപ്രാർത്ഥന നടത്തുകയും അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മോൺ. ചാക്കോ തടത്തിൽ, ഫാ. ജോൺ തുണ്ടിയത്ത്, ഫാ. വർഗീസ് കൂത്തനേത്ത്, ജോൺ തുണ്ടിയത്ത്, ലിജു ജോർജ്, പി.കെ. ജോസഫ്, വർഗീസ് പുത്തൻകാവ്, ജോജി തോമസ് എന്നിവർ പ്രസംഗിച്ചു.

## രൂപതാകലോത്സവം

എം.സി.എ. രൂപതാകലോത്സവം ഒക്ടോബർ 26 ന് മൈലപ്ര തിരുഹൃദയ ദേവാലയത്തിൽ നടന്നു. പത്തനംതിട്ട മുൻസിപ്പൽ ശ്രീ. എ. സുരേഷ്കുമാർ കലോത്സവം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോസഫ് ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വികാരി ഫാ. ജോർജ് ജേക്കബ്, പ്രൊക്കുറേറ്റർ ഫാ. വർഗീസ് കൈതോൺ, ആത്മീയഉപദേഷ്ടാവ് വർഗീസ് കൂത്തനേത്ത്, തോമസ് തുണ്ടിയത്ത്, കെ.ജി. ജോയി മൈലപ്ര, മേരിക്കുട്ടി എബ്രഹാം എന്നിവർ പ്രസംഗിച്ചു. കലോത്സവത്തിൽ കോന്നി ഒന്നാംസ്ഥാനവും പന്തളം രണ്ടാം സ്ഥാനവും റാന്നി പെരുനാട് മൂന്നാം സ്ഥാനവും നേടി വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

## പാലിയേറ്റീവ് കെയർ സെന്റർ

മാറാവ്യാധികളാൽ കഷ്ടപ്പെടുന്ന വൃദ്ധർക്ക് ആശ്വാസം നൽകുന്ന പാലിയേറ്റീവ് കെയർ സെന്റർ കോന്നി കാർമല കേന്ദ്രമാക്കി എം.സി.എ. യുടെ നേതൃത്വത്തിൽ രൂപീകരിക്കുന്നതിനായി പിതാവ് ഭാരവാഹികളുമായി കൂടികാഴ്ച നടത്തി പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

## ഭവനസർവേ

ഭവനരഹിതരും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവരുമായ ഇടവകാംഗങ്ങളുടെ സർവേ പൂർത്തിയാക്കി രൂപതാസമിതിക്ക് നൽകണമെന്ന് യൂണിറ്റുകളോടും വികാരിഅച്ചന്മാരോടും അഭ്യർത്ഥിക്കുന്നു.

**മനുഷ്യാവകാശദിനാചരണം**

ഡിസംബർ 10 ന് ജില്ലകളുടെ നേതൃത്വത്തിൽ മനുഷ്യാവകശദിനാചരണം നടത്തുന്നു.

**ക്രിസ്തുമസ് കിറ്റ് വിതരണം**

നിർദനരായ ആളുകൾക്ക് ക്രിസ്തുമസിനോട് അനുബന്ധിച്ച് ഭക്ഷണസാദനങ്ങൾ അടങ്ങിയ ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്യുന്നു. കഴിവുള്ള ആളുകൾ ക്രിസ്മസ് കിറ്റിന്റെ വിഭവങ്ങൾ സംഭരിക്കാൻ സഹായിക്കണമെന്ന് ആഭ്യർത്ഥിക്കുന്നു.

## ബൈബിൾ പ്രേഷിതകാര്യാലയം

രൂപതാ തലത്തിൽ നടത്തപ്പെട്ട ലോഗോസ് ക്വിസ് വിജയികളിൽ ആദ്യ 15 സ്ഥാനക്കാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇവരിൽ അഞ്ച് കാറ്റഗറിയിലുമുള്ള ആദ്യ മൂന്നുസ്ഥാനക്കാർ സംസ്ഥാനതലത്തിലുള്ള ലോഗോസ് ക്വിസിൽ പങ്കെടുക്കുവാൻ യോഗ്യത നേടിയവരാണ്

### CATEGORY - A

1. Rinsu Anna Roy (Thatta) -68
2. Abin Biju (Lakkoor) -65
3. Noble Titus Chacko (Maniyar) -61
4. Benitto Mariyam (Prakkanam) -60
4. Ann Mariya Anil (PTA) -60
5. Justeen Shaji (Kalleli) -59
6. Fin Joby (Muringakal) -58
7. Abin P Biju (Mampara) -56
8. Sona Saju (Kalleli) -55
9. Alvin V. Raju (Kumbazha) -54
10. Jeenamol Joy (Kalleli) -51
10. Tinu S. Thomas (Nedumoncavu) -51
10. Christy Saji (Ullannoor) -51
11. Reena Babu -50
11. Jitty K.Abraham(Vayyattupuzha) -50

### CATEGORY - B

1. Smitha Shaji (Mannar akulanji) -86
2. Helen James (Kumbazha) -81
3. Sherina N.Moni (Mezhuveli W) -80
4. Blessy M. (Vadakkapuram) -75
5. Reizon Geo Reji (Anandapalli) -71
6. Jaine Joe Mary (Attarikom) -67
   Linet Jose (Murinjakal) -67
   Stephy B.(Nedumoncavu) -67
7. Riya Ann (Chandanapalli) -66
   Hema James (Kumbazha) -66
8. Sebin George (Kattoor) -65
   Irine Susan (Kochukkulam) -65
   Stella B. (Nedumoncavu) -65
   Foina Ann Joby (Muriniaka) -65
9. Linto Philip (Attarikam) -63
   Akhila Vilson (Mampara) -63
   Twinju P John (Vayyatupuzha) -63
   Jubeena Elsa (Nedumoncavu) -63
10. Jincy K.Abraham(Vayyatupuzha) -62
   Leena Thomas (Murinjakal) -62
   Mereen Sabu (Nedumoncavu) -62
11. Edwin Joshy (Kulanada) -61
   Sajin John (Vayyatupuzha) -61
   Justin P. John (Vayyatupuzha) -61
   Jitto Jose (Nedumoncavu) -61
12. Rija Saji (Prakkanam) -60
   Cyril Simon (Attarikom) -60
   Jeena Saju (Vazhamuttom) -60

Sanju P John (Vayyatupuzha) -60

## CATEGORY - C

1. Elizabeth Jose (Vazhamuttom) -81
2. Elsa Binu(Valiyanthi) -77
3. Deepthi Ann (Vadakkumpuram) -74
4. Dyothis Elsa (Vadakkumpuram) -72
5. Sr.Joyel S.I.C(Vazhamuttom) -70
6. Lincy Koshy(Pathanamthitta) -68
   Vinu Varghese (Kumpalampoika) -68
   Litty Thomas (Murinjakal) -68
7. Siby P. Wilson (Nedumoncavu) -67
8. Jincy Jose(Nedumoncavu) -66
9. Jinu Mary Joy(Thumpamon) -65
IO. Anju Abraham(Valanchuzhi) -64
   Christeena Shaji (Murinjakal) -64
11. Shimna Kunjumon (Kaippattoor)-63
12. Joslin Thomas (Attarikam) -62
   Ancy James (Anandappally) 62
13. Anitha Ann Thomas (Kattoor) 61
14. Ruby Varghese (Chittar) 60
   Jiya Raj(Nedumankavu) 60
   Tmu John (Nedumankavu) 60
   Smitha Koshy (Karimanthodu) 60

## CATEGORY - D

1. Marykutty Raju(Kumbazha) -87
2. Sherly Mani(Mezhuveli west) -83
3. Roseli Roy(Thatta) -81
4. Annamma (Mezhuveli W) -79
5. Usha Jose(Vazhamuttom) -77
6. Sheeja Varghese(Thatta) -74
7. Rosamma Babu(Omalloor) -70
8. Shini Reji(Anandapalli) -68
   Jini Anil(Ullannoor) -68
   Sindhu Babu (Maniyar) -68
9. Suja Babu(Thumpamon) -66
   Susan Thomas (Thumpamon) -66
10. Sr.ReenaS.CV(Valanchuzhi) -65
   Lovely Thomas (Murinjakal) -65
11. Sherly George (Pampumala) -64
12. Suma Joji (Attarikam) -63
   Bindhu Biju (Pandalam) -63
   Sheena Koshy (Kulanada) -63
13. Suma Sunny (Ponnambu) -62
   Beena Biju (Mampara) 62
   Ani John (Vayattupuzha) -62
   Kunjumol Sabu (Nedumonkavu) 62
   Lovely Daniel (Vakayar) 62

## CATEGORY - E

1. Mariam George (Pambumala) -93
2. Soosy K.Jacob(Mylapra) -90
3. Rachel Mathew(Thumpamon) -89
4. Gracy Thomas(Mylapra) -85
5. Aleyamma Philip (Mulanthara) -83
6. Sali John(Thatta) -82
7. Marykutty George (Kulanda) -80
8. Sarala Manxman(Omalloor) -76
9. Annamma Jose (Attarikalm) -75
IO. Kunjumma (Pathanamthitta) -70
11. Sosamma Eapen(Thumpamon) -69
12. George M.Cheriyan (Kulanada) -67
13. Thomas K.K(Vayalathala) -65
   Sosamma Skariah (Kumbazha) -65
   Annamma Joy (Murinjakal) -65
14. Thankamony (Omalloor) -64
15. V.C Mathew (Pambumala) -62
   T.G. Joy (Mylapra) -62
14. Loosy George (Anandapally) -60
   Aji Santhosh (Anandapally) -60
   Sherly Joseph (Kalleli) -60
   Sheeba Sam (Murinjakal) -60

## സംസ്ഥാനതല ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് 2011 ന്റെ അഖിലകേരള മത്സരപരീക്ഷയ്ക്ക് നാം ഒരുങ്ങുകയാണെല്ലോ. രൂപതാതലത്തിൽ എ, ബി, സി, ഡി, ഇ വിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള അഖിലകേരള 'വചനോപാസന' പി.ഒ.സിയിൽ വച്ച് നവംബർ 24 ന് രാവിലെ 10 മണിക്ക് നടക്കുന്നതാണ്. ആദ്യം ഒരുമണിക്കൂർ എഴുത്ത് പരീക്ഷയാണ്. ഇംഗ്ലീഷ് ഭാഷയിൽ ആരെങ്കിലും പരീക്ഷ എഴുതുന്നുണ്ടെങ്കിൽ വിവരം മുൻകൂട്ടി അറിയിക്കേണ്ടതാണ്.

രാവിലത്തെ പരീക്ഷയിൽ ഒരുവാക്കിലും ഒരുവാചകത്തിലും ഉത്തരമെഴുതുവാനും ശരിയായ ഉത്തരം തിരഞ്ഞെടുക്കുവാനുമുള്ള 50 ചോദ്യങ്ങളാണുള്ളത്. ഈ പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരോ വിഭാഗത്തിൽ നിന്നും 10 പേരെ വീതം ഉൾപ്പെടുത്തി written-Oral-Audio-Vedio-Word പരീക്ഷ ഉച്ചയ്ക്ക് ശേഷം നടത്തുന്നതാണ്. ഇതിൽ നിന്നാണ് അഖിലകേരളാ തലത്തിലുള്ള 15 സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.

# കറസ്പോണ്ടന്റ് ഓഫീസ്

### ഏകദിനസെമിനാർ

പത്തനംതിട്ടരൂപതയിലെ എയിഡഡ് സ്കൂൾ അധ്യാപകർക്കായി ഏകദിനസെമിനാർ സംഘടിപ്പിക്കുന്നു. പാലാരൂപത കോർപ്പറേറ്റ് സ്കൂൾ മാനേജർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ സെമിനാർ നയിക്കുന്നു. രൂപതയിലെ എല്ലാ അധ്യാപകരും അനധ്യാപകരും സംബന്ധിക്കുന്ന സെമിനാറിൽ അഭിവന്ദ്യപിതാവ്, മോൺസിഞ്ഞോർ ചാക്കോ തടത്തിൽ അച്ചൻ എന്നിർ സംബന്ധിക്കുന്നു. എന്ന് കറസ്പോണ്ടന്റ് ജോസഫ് കുരുമ്പിലേത്ത് അച്ചൻ അറിയിക്കുന്നു. നവംബർ 5 ന് രാവിലെ 9 മുതൽ 4 വരെ മൈലപ്ര സേക്രട്ട് ഹാർട്ട് ഹൈസ്കൂളിൽ വച്ചാണ് സെമിനാർ നടക്കുന്നത്.

### പുതിയ സ്കൂൾ കെട്ടിടത്തിന്റെ ആശിർവാദം

ഓമല്ലൂർ സെന്റ് മേരീസ് ആര്യഭാരതി ഹൈസ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ കൂദാശ നവംബർ 7–ാം തീയതി വൈകിട്ട 3 മണിക്ക് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത നിർവഹിക്കുന്നു.

### കേരളാ ലേബർ മൂവ് മെന്റ്

കേരളാ ലേബർ മൂവ്മെന്റിന്റെ പത്തനംതിട്ട ജില്ലാസമ്മേളനം ഒക്ടോബർ 16 ന് കേരളാ ഗവ. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് അദ്ധ്യക്ഷത വഹിച്ചു. മോൺ. ജോസ് പുളിക്കൻ മുഖ്യസന്ദേശം നൽകി. കെഎൽ. എം. സുരക്ഷയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീമതി പി. വിജയമ്മ ഉദ്ഘാടനം ചെയ്തു.

# സോഷ്യൽ സർവീസ് സൊസൈറ്റി

## രക്തദാനദിനം

അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ലോകരക്തദാനദിനം മൈലപ്ര മലങ്കര കത്തോലിക്കാപ്പള്ളിയിൽ വച്ച് ആചരിച്ചു. ബോധവത്കരണക്ലാസിന് ഡോ. അശ്വിൻ ക്ലാസിന് നേതൃത്വം നൽകി. എൻഎച്ച്ആർഎം. പിആർഒ ബാബു, ബിജി, ഫാ. ക്രിസ്റ്റി തേവള്ളിൽ, ഫാ. വർഗീസ് ചാമക്കാലായിൽ എന്നിവർ പ്രസംഗിച്ചു.

## ഹരിതഗ്രാമോദയം

ഹരിതഗ്രാമോദയം പദ്ധതിയുടെ ഭാഗമായി ജില്ലയിലുടനീളം ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സാമൂഹികസംഘാടകർക്കുവേണ്ടി വാഴമുട്ടം സെന്റ് ബഹനാൻസ് ആഡിറ്റോറിയത്തിൽ വച്ച് ഏകദിന സെമിനാർ നടത്തി. ഇലന്തൂർ കൃഷി ആഫീസർ ജാൻസി നേതൃത്വം നൽകി. ഫാ. ക്രിസ്റ്റി തേവള്ളിൽ, ഫാ. വർഗീസ് ചാമക്കാലായിൽ എന്നിവർ പ്രസംഗിച്ചു.

## സാന്ത്വനം

അനുഗ്രഹയുടെ നേതൃത്വത്തിൽ അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ നാമഹേതുക തിരുനാളിനോട് അനുബന്ധിച്ച് നിർധനരായ ക്യാൻസർ രോഗികളെ സഹായിക്കാനായി ആരംഭിക്കുന്ന പദ്ധതിയാണ് സാന്ത്വനം. ഈ പദ്ധതിയുടെ ധനശേഖരണാർത്ഥം ലോകപ്രശസ്തമാന്ത്രിക ചക്രവർത്തി സാമ്രാജും സംഘവും അവതരിപ്പിക്കുന്ന പരിപാടി നവംബർ 11 ന് വൈകുന്നേരം 630 ന് മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ആഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു.

തദവസരത്തിൽ അഭിവന്ദ്യ തിരുമേനി നിർധനരായ ക്യാൻസർ രോഗിക്ക് ചികിത്സ സഹായം നൽകികൊണ്ട് പദ്ധതി ഉദ്ഘാടനം ചെയ്യും. പദ്ധതിയുടെ കൂപ്പണിന്റെ ആദ്യവിൽപ്പന അഭിവന്ദ്യ പിതാവ് അഡ്വ. എബ്രഹാം പച്ചയിൽ, വത്സമ്മ ഷാജി എന്നിവർക്ക് നൽകി ഉദ്ഘാടനം ചെയ്തു. പ്രസ്തുതയോഗത്തിൽ മോൺ. ജോസ് ചാമക്കാലായിൽ, മോൺ. ചാക്കോ തടത്തിൽ, ഫാ. ക്രിസ്റ്റി തേവള്ളിൽ, ഫാ. ജോൺ തുണ്ടിയത്ത്, ഫാ. വർഗീസ് ചാമക്കാലായിൽ എന്നിവർ പങ്കെടുത്തു. ഈ പദ്ധതിയിൽ സഹായിക്കാൻ ആഗ്രഹിക്കുന്നവർ അനുഗ്രഹയുടെ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0468-2223131, 9447256547

## സംരംഭകത്വ വികസന പരിശീലനം

നബാർഡിന്റെ സഹായത്തോടുകൂടി അനുഗ്രഹയുടെ ചിറ്റാർ, കാർമല, സീതത്തോട്, കൊക്കാത്തോട് എന്നീ യൂണിറ്റുകളിലായി 7 ദിവസത്തെ എബ്രോയിഡറി, ഫുഡ് പ്രോഡക്റ്റ്സ്, സോപ്പ് നിർമാണം, ആർട്ടിഫിഷൽ ജുവലറി എന്നിവയിൽ സൗജന്യ തൊഴിൽ പരിശീലനം നടത്തി. ഓരോ യൂണിറ്റും തിരഞ്ഞെടുക്കപ്പെട്ട 30 പേർക്കാണ് പരിശീലനം നൽകിയത്

## New Appointments

**Rev. Fr. Binoy Mathew Puthuparampil**
(Chanadanapally, Angadikal)
Asst. to Rev. Fr. Abraham Vavolimeppurathu

**Rev. Fr. Paul Nilackalthekkethil**
Director Shalom Printers

## New Address

**Puthuparampil Rev. Fr. Binoy Mathew**
Malankara Catholic Church, Chandanapally
Pathanamthitta 689648
Mob: 9496036707

### ജന്മദിനാശംസകൾ....

| | | |
|---|---|---|
| റവ.ഫാ. സഖറിയാസ് നെടിയകാലായിൽ | നവംബർ | 3 |
| റവ. ഫാ. മാത്യു വാഴപ്പിള്ളേത്ത് | നവംബർ | 6 |
| റവ.ഫാ. വർഗീസ് വിളയിൽ | നവംബംർ | 7 |
| റവ.ഫാ. സാമുവൽ പുന്നൂർ | ഡിസംബർ | 22 |
| റവ.ഫാ. ക്രിസ്റ്റി തേവള്ളിൽ | ഡിസംബർ | 24 |
| റവ.ഫാ. ഗീവർഗീസ് പരുമല | ഡിസംബർ | 25 |
| റവ.ഫാ. ജോൺ കുറ്റിയിൽ | ഡിസംബർ | 30 |

# പൗരോഹിത്യ സ്വീകരണ വാർഷികാശംസകൾ

| | |
|---|---|
| റവ.ഫാ. ജോസഫ് തടത്തിൽ | നവംബർ 2 |
| റവ.ഫാ. ഗീവർഗീസ് പരുമല | ഡിസംബർ 3 |
| റവ.ഫാ. മാത്യു മാടപ്പള്ളിൽ | ഡിസംബർ 13 |
| റവ.ഫാ. മാത്യു ആലുമൂട്ടിൽ | ഡിസംബർ 18 |
| റവ.ഫാ. ജോൺ നെടുംഞ്ചേരിൽ | ഡിസംബർ 19 |
| റവ.ഫാ. ചാക്കോ തടത്തിൽ | ഡിസംബർ 20 |
| റവ.ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ | ഡിസംബർ 21 |
| റവ.ഫാ. ജോൺ ജി. വടക്കേപ്പുറം | ഡിസംബർ 21 |
| റവ.ഫാ. ജോൺ തുണ്ടിയത്ത് | ഡിസംബർ 22 |
| റവ.ഫാ. ക്രിസ്റ്റി തേവള്ളിൽ | ഡിസംബർ 22 |
| റവ.ഫാ. ഡാനിയേൽ മണിക്കുളം | ഡിസംബർ 22 |
| റവ.ഫാ. എബ്രഹാം മണ്ണിൽ | ഡിസംബർ 22 |
| റവ.ഫാ. ജോൺസൺ പാറയ്ക്കൽ | ഡിസംബർ 22 |
| റവ.ഫാ.എബ്രഹാം വാവോലിമേപ്പുറത്ത് | ഡിസംബർ 22 |
| റവ.ഫാ. മാത്യു പുതുപ്പറമ്പിൽ | ഡിസംബർ 26 |
| റവ.ഫാ.സഖറിയാസ് പുഷ്പവിലാസം | ഡിസംബർ 26 |
| റവ.ഫാ.വർഗീസ് കാലായിൽ വടക്കേതിൽ | ഡിസംബർ 26 |
| റവ.ഫാ. മാത്യു പുത്തൻപുരയ്ക്കൽ | ഡിസംബർ 26 |
| റവ.ഫാ. തോമസ് മലഞ്ചരുവിൽ | ഡിസംബർ 26 |
| റവ.ഫാ. ഗീവർഗീസ് എഴിയത്ത് | ഡിസംബർ 26 |
| റവ.ഫാ. മാത്യു വാഴപ്പിള്ളേത്ത് | ഡിസംബർ 26 |
| റവ.ഫാ. തോമസ് കോയിക്കൽ | ഡിസംബർ 26 |
| റവ.ഫാ. ജോസഫ് ആന്റണി പുത്തൻപുരയിൽ | ഡിസംബർ 26 |
| റവ.ഫാ. കുര്യാക്കോസ് കൂത്തനേത്ത് | ഡിസംബർ 26 |
| റവ.ഫാ. ജോസഫ് കളവിളയിൽ | ഡിസംബർ 27 |
| റവ.ഫാ. സാം വേങ്ങാട്ടൂർ | ഡിസംബർ 27 |
| റവ.ഫാ. തോമസ് ആലുനിൽക്കുന്നതിൽ | ഡിസംബർ 27 |
| റവ.ഫാ. ജോസഫ് നെടുംകുഴിയിൽ | ഡിസംബർ 27 |
| റവ.ഫാ. ജോസഫ് ഇരട്ടപ്പുളിക്കൻ | ഡിസംബർ 27 |
| റവ.ഫാ. ജൂബി കുഴിനാപ്പുറത്ത് | ഡിസംബർ 27 |
| റവ.ഫാ. തോമസ് മലയിൽ | ഡിസംബർ 27 |
| റവ.ഫാ. തോമസ് ഈട്ടിക്കാലായിൽ | ഡിസംബർ 27 |
| റവ.ഫാ. ജോസഫ് ഓലിക്കൽ | ഡിസംബർ 27 |
| റവ.ഫാ. കോശി ചിറയത്ത് | ഡിസംബർ 27 |
| റവ.ഫാ. മാത്യു ആന്റോ കണ്ണങ്കുളം | ഡിസംബർ 27 |
| റവ.ഫാ. എബ്രഹാം പാറപ്പള്ളിൽ | ഡിസംബർ 27 |
| റവ.ഫാ. എബ്രഹാം കുളത്തിനാൽ | ഡിസംബർ 27 |
| റവ.ഫാ. വർഗീസ് ചാമക്കാലായിൽ | ഡിസംബർ 27 |
| റവ.ഫാ. തോമസ് മേപ്പുറത്ത് | ഡിസംബർ 27 |

**St. Mary's**
**Bethany Book Centre**

**Puthenpeedika, Pathanamthitta**
**Ph: 0468-2322918**

**നമ്മുടെ പള്ളികൾ ഉപയോഗിക്കുന്ന**
**എല്ലാ വിധ ശുശ്രൂഷാസാധനങ്ങളും**
**പ്രാർത്ഥനാ പുസ്തകങ്ങൾ**
**എന്നിവ ലഭ്യമാണ്**

## ആദരാഞ്ജലികൾ...

കോന്നി വൈദികജില്ല വികാരി പെരിയ ബഹുമാനപ്പെട്ട അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചന്റെ വത്സലമാതാവ് ശ്രീമതി കത്രീന അഗസ്റ്റിൻ (101) ഒക്ടോബർ 12-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. ഒക്ടോബർ 15 ന് സീതത്തോട് സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട സംസ്കാര ശുശ്രൂഷക്ക് മോറാൻ മോർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവ, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത, അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത എന്നിവർ നേതൃത്വം നൽകി. പരേതാത്മാവിന് ആദരാഞ്ജലികൾ